# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025 - 26

### ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ്

### മട്ടാഞ്ചേരി

**ഹൈസ്കൂൾ വിഭാഗം**

**സ്കൂൾ കോഡ് 26020**

**എറണാകുളം റെവന്യൂ ജില്ല**

# ഉള്ളടക്കം


- ❋ അടിസ്ഥാനവിവരങ്ങൾ
- ❋ ആമുഖം
- ❋ മട്ടാഞ്ചേരി
- ❋ സ്കൂൾ ലഘുചരിത്രം
- ❋ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറ്റുക – കാഴ്ചപ്പാട്
- ❋ പൊതുലക്ഷ്യങ്ങൾ
- ❋ വിദ്യാലയ വികസനകാഴ്ചപാട്
- ❋ അക്കാദമിക മികവിലൂടെ വിദ്യാലയമികവ്
- ❋ മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
- ❋ മാതൃഭാഷാപഠനം
- ❋ ഇംഗ്ലീഷ്
- ❋ ഹിന്ദി
- ❋ സാമൂഹികശാസ്ത്രം
- ❋ ഗണിതശാസ്ത്രം
- ❋ ശാസ്ത്രം
- ❋ ആരോഗ്യകായികവിദ്യാഭ്യാസം
- ❋ പ്രവൃത്ത്യധിഷ്ഠിത വിദ്യാഭ്യാസം
- ❋ കലാവിദ്യാഭ്യാസം
- ❋ പ്രവർത്തനകലണ്ടർ
- ❋ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ
- ❋ അവലോകനം/ മോണിട്ടറിങ്
- ❋ ഉപസംഹാരം

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ്, മട്ടാഞ്ചേരി |
| മേൽവിലാസം | : മട്ടാഞ്ചേരി, കൊച്ചി 682002 |
| ഫോൺ | : 0484-2227220 |
| സ്കൂൾ കോഡ് | : 26020 - എച്ച് എസ് വിഭാഗം |
| വിദ്യാഭ്യാസ ജില്ല | : എറണാകുളം |
| വിദ്യാഭ്യാസ ഉപജില്ല | : മട്ടാഞ്ചേരി |
| റെവന്യൂ ജില്ല | : എറണാകുളം |
| ബ്ലോക്ക് റിസോഴ്സ് സെന്റർ | : അർബൻ റിസോഴ്സ് സെന്റർ, മട്ടാഞ്ചേരി (0484-2217955) |
| ക്ലസ്റ്റർ റിസോഴ്സ് സെന്റർ | : മട്ടാഞ്ചേരി ക്ലസ്റ്റർ |
| തദ്ദേശസ്ഥാപനം | : കൊച്ചി മുനിസിപ്പൽ നഗരസഭ |
| നഗരസഭ ഡിവിഷൻ | : 4-ാം ഡിവിഷൻ |
| ബ്ലോക്ക് | : പള്ളുരുത്തി |
| ജില്ലാപഞ്ചായത്ത് | : എറണാകുളം |
| നിയമസഭാമണ്ഡലം | : കൊച്ചി |
| ലോക്സഭാമണ്ഡലം | : എറണാകുളം |
| താലൂക്ക് | : കൊച്ചി |
| വില്ലേജ് | : മട്ടാഞ്ചേരി |
| ഇ-മെയിൽ | : govtghskochi@gmail.com |
| സ്കൂൾവിക്കി മേൽവിലാസം | : https://schoolwiki.in/ഗവ._എച്ച്.എസ്.എസ്._ഫോർ_ഗേൾസ്_മട്ടാഞ്ചേരി |
| പ്രഥമാധ്യാപികയുടെ പേര് | : സ്മിത ഭാസ്കരൻ |

# ആമുഖം


## കൊച്ചി

കേരളചരിത്രത്തിൽ അതിപ്രധാനസ്ഥാനം വഹിക്കുന്ന നാടാണ് കൊച്ചി. എതാണ്ട് നാലുനൂറ്റാണ്ട് കാലം നീണ്ടുനിന്ന വിദേശാധിപത്യം ഭാഷ, സംസ്കാരം, കല, വിദ്യാഭ്യാസം, എന്നുവേണ്ട എല്ലാ മേഖലകളിലും കൊച്ചിയെ കേരളത്തിലെ ഇതര ഭൂപ്രദേശങ്ങളിൽ നിന്ന് വളരെയേറെ വ്യത്യസ്തമാക്കി. ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതയായ നാനാത്വത്തിൽ ഏകത്വം അതിന്റെ പൂർണ്ണതയിൽ തന്നെ ഏറ്റുവാങ്ങിയ പ്രദേശമായ കൊച്ചി കേരളത്തിലെ അഞ്ചു മുനിസിപ്പൽ നഗരസഭകളിൽ പ്രമുഖസ്ഥാനം വഹിക്കുന്നു. ചരിത്രസ്മാരകങ്ങളാൽ സമ്പന്നമാണ് കൊച്ചി. മൂന്നു പാശ്ചാത്യനാഗരികതകൾ ഒന്നിനുമേൽ ഒന്നായി അനുഗ്രഹിച്ചൊരു മഹത്തായ പൈതൃകത്തിന്റെ സാക്ഷ്യപത്രമാണ് കൊച്ചി. 1503 മുതൽ 1947 വരെ കൊച്ചിയുടെ ശിരസ്സിനുമീതെ കടന്നുപോയ പോർച്ചുഗീസ്- ഡച്ച്-ഇംഗ്ലീഷ് നാഗരികതകൾ, നീണ്ട 444 വർഷങ്ങൾകൊണ്ട് ഈ കൊച്ചുനാടിന്റെ ചരിത്രം മാത്രമല്ല, ഇന്ത്യയുടെ ചരിത്രമാണ്, യൂറോപ്പിന്റെ ചരിത്രമാണ് രചിച്ചത്. ഇന്ത്യൻ മണ്ണിൽ ഒരു നഗരവും ഇത്രയേറെ സംഭവബഹുലമായ ചരിത്രപശ്ചാത്തലങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ടാവില്ല എന്നു തോന്നുന്നു.

### കൊച്ചിയുടെ ഉത്ഭവം

കൊച്ചിയുടെ ഉത്ഭവത്തെക്കുറിച്ച് വ്യക്തമായ ചരിത്രരേഖകളൊന്നും ലഭ്യമല്ല. എന്നാലോ ഐതിഹ്യങ്ങൾ അനവധിയാണ്. വൈശ്രവണന്റെ പുത്രി ബാല തന്റെ പേരിലൊരു ദേശമുണ്ടാക്കിയാൽ താൻ അവിടെ വസിച്ചുകൊള്ളാമെന്ന് പരശുരാമനോട് പറഞ്ഞത്രേ. അതനുസരിച്ച് പരശുരാമൻ നിർമ്മിച്ച് കൊച്ചി എന്നു നാമകരണം ചെയ്ത് ബാലയ്ക്കു നൽകിയ ദേശമാണത്രെ കൊച്ചി. എന്നാൽ പണ്ടിവിടെ ഒരു കൊച്ച് ആഴി ഉണ്ടായിരുന്നെന്നും കൊച്ചാഴിയുടെ സമീപപ്രദേശം ആയതിനാലാണ് കൊച്ചി എന്നു അറിയപ്പെട്ടതെന്നും ഒരു വാദവുമുണ്ട്. കൊച്ചിയെ ഗോശ്രീ എന്നും മാടഭൂമി എന്നും വിളിച്ചിരുന്നു. 'ഗോ' എന്നാൽ മാട്. മാടഭൂമി സംസ്കൃതീകരിച്ചതാണ് ഗോശ്രീ. ക്രിസ്ത്വബ്ദത്തിന്റെ ആരംഭത്തിൽ പരമ്പരാഗത രാജഭരണം കൊച്ചിയിൽ നിലനിന്നിരുന്നു. ആദ്യം ദ്രാവിഡസംസ്കാരവും അഞ്ചാം നൂറ്റാണ്ടിനുശേഷം ആര്യ സംസ്കാരവും ആറു മുതൽ രണ്ടു നൂറ്റാണ്ട് കുലശേഖര ഭരണത്തിൻ കീഴിലുമായിരുന്നു കൊച്ചി. ശേഷം ചേരമാൻ പെരുമാളുടെ കീഴിലും. ഒമ്പതാം നൂറ്റാണ്ടിൽ ശങ്കരാചാര്യരുടെ നവീകരിച്ച ഹിന്ദുമതം കേരളത്തിലും പ്രചരിച്ചുതുടങ്ങിയതോടെ ബുദ്ധമതം ശോഷിച്ചുതുടങ്ങി. ചേര- ചോള യുദ്ധത്തെത്തുടർന്ന് മക്കത്തായ സ്ഥാനത്ത് മരുമക്കത്തായ സമ്പ്രദായം നിലവിൽ വന്നു. ഇതിനെത്തുടർന്ന് നാടുവാഴികൾ പ്രബലരായി. ഇക്കാലത്താണത്രെ കൊച്ചിയുടെ ജനനം. 1341-ലെ ഒരു മഴക്കാലത്ത് വൈപ്പിൻ ദ്വീപിന്റെ തെക്കേ അറ്റം കടലിലേക്ക് ഒലിച്ചു പോയി. ആ വിടവിലൂടെ മഴവെള്ളം കടലിലേക്കു പ്രവഹിച്ചു. അവിടെ ഒരു മട രൂപം കൊണ്ടു. കപ്പലുകൾക്ക് കടലിൽ നിന്നും കായലിലേക്കു പ്രവേശിക്കാനും നങ്കൂരമിടാനും ഈ മട അനുയോജ്യമായിരുന്നു. വളരെ ചെറിയ ഒരു മടയായിരുന്നു ഇത്. അതിനാൽ മടയ്ക്ക് കൊച്ചഴി എന്നു പേരുണ്ടായി. കൊച്ചഴി ലോപിച്ചാണത്രെ കൊച്ചി എന്നു പേരു വന്നത്. കൊച്ചഴിയാണ് ഇന്നത്തെ കൊച്ചി തുറമുഖം. ആ പ്രദേശത്തിനു തുടർന്ന് വാണിജ്യപരമായി

അഭിവൃദ്ധിയുണ്ടായി. കൊച്ചി ഒരു പട്ടണമായി. പട്ടണത്തിനു നൽകിയ പേർ ക്രമേണ കൊച്ചിരാജ്യത്തിനു മൊത്തമായി വന്നു ചേർന്നു.




**കൊച്ചി**

**കൊച്ചി താലൂക്ക്**

എറണാകുളം ജില്ലയിലെ ഏറ്റവും ചെറിയ താലൂക്കാണ് കൊച്ചി വിസ്തീർണ്ണം 14045 ചതുരശ്ര കിലോമീറ്റർ പടിഞ്ഞാറ് അറബിക്കടലും കിഴക്ക് കണയന്നൂർ- പറവൂർ താലൂക്കുകളും, വടക്ക് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരും തെക്ക് ചേർത്തല താലൂക്കും. എറണാകുളം ജില്ലയിൽ കടൽത്തീരമുള്ള ഏക താലൂക്കാണിത്.




**എറണാകുളം ജില്ലയിലെ താലൂക്കുകൾ**

# മട്ടാഞ്ചേരി

വേമ്പനാട് കായലിൽ പടർന്ന് കിടക്കുന്ന ദ്വീപുകളിലൊന്നാണ് മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി എന്നീ പ്രദേശങ്ങൾ. കേരളത്തിന്റെ മധ്യഭാഗത്താണ് ഇവ സ്ഥിതിചെയ്യുന്നത്. എറണാകുളം ഇതിന് സമീപമുള്ള കരഭാഗത്തിലാണ്. മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, എറണാകുളം എന്നീ പ്രദേശങ്ങൾ ഒന്നിച്ച് ചേർത്ത് കൊച്ചി കോർപ്പറേഷൻ രൂപീകരിക്കുന്നതിന് മുമ്പ്, മട്ടാഞ്ചേരി സ്വതന്ത്രമായൊരു നഗരസഭയായിരുന്നു. ഇന്ന് "ഗ്രേറ്റർ കൊച്ചി" എന്നറിയപ്പെടുന്ന ഈ മേഖലയിലെ ഓരോ പ്രദേശവും വേറിട്ട മുനിസിപ്പാലിറ്റികളായാണ് കൈകാര്യം ചെയ്തിരുന്നത്. കേരളസംസ്ഥാനം രൂപീകരിക്കുന്നതിന് മുമ്പ്, ഫോർട്ട് കൊച്ചി മദ്രാസ് പ്രെസിഡൻസിയുടെ കീഴിലായിരുന്നപ്പോൾ, എറണാകുളം, മട്ടാഞ്ചേരി എന്നിവ ട്രാവൻകൂർ-കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു.

മട്ടാഞ്ചേരി എക്കാലത്തും കൊച്ചിൻ സംസ്ഥാനത്തിന്റെ പ്രധാന വ്യാപാരനഗരമായിരുന്നു. ഇതിന്റെ പഴയ പേര് "ഗോശ്രീപുരം" ആണെന്നു പറയപ്പെടുന്നു. ഇന്നും ചില പുരാതന സമൂഹങ്ങൾ ഔദ്യോഗിക ആവശ്യങ്ങളിൽ ഈ പേരുപയോഗിക്കുന്നുണ്ട്. എഴുപതുകളിലേയ്ക്ക് തുടക്കത്തിലെല്ലാം മട്ടാഞ്ചേരി കേരളത്തിലെ പ്രധാന വ്യാപാരകേന്ദ്രമായി നിലനിന്നിരുന്നു. കേരളത്തിലെ ചെറുതും വലുതുമായ നഗരങ്ങളെയും പട്ടണങ്ങളെയും ബന്ധിപ്പിച്ച് റോഡുകളും പാലങ്ങളുമടക്കമുള്ള സമ്പർക്കസംവിധാനങ്ങൾ വികസിക്കുകയും കന്യാകുമാരിവരെ റെയിൽവേ നീളുകയും ചെയ്തതോടെയാണ് മട്ടാഞ്ചേരിക്ക് തന്റെ വ്യാപാരപ്രാധാന്യവും തിളക്കവും നഷ്ടപ്പെട്ടത്. ഇന്നത്തെ സാഹചര്യത്തിൽ, ഈ പ്രദേശം പഴയ പ്രതാപത്തിന്റെ നഷ്ടസ്വപ്നങ്ങളും പേറി മഹിമയില്ലാതെ ശൂന്യമായ, നിഷ്ക്രിയമായ ഒരു രൂപത്തിൽ കാണപ്പെടുന്നു.

നൂറു വർഷം മുൻപ് കൊച്ചിൻ പോർട്ടും ദക്ഷിണ നാവികസേനാ ആസ്ഥാനവും ഉൾപ്പെടുന്ന വില്ലിംഗ്ടൺ ദ്വീപ് നിലവിലില്ലായിരുന്നു. അന്നാളുകളിൽ കപ്പലുകളും ബോട്ടുകളും കച്ചവടത്തിനായി മട്ടാഞ്ചേരിയിൽ ചരക്കുകളുമായി എത്തിയിരുന്നു. കപ്പലുകൾ മട്ടാഞ്ചേരിക്കും ഫോർട്ട് കൊച്ചിക്കും അടുത്തുള്ള കടൽപ്രദേശത്ത്, തീരത്തുനിന്ന് 4 മുതൽ 6 കിലോമീറ്റർ വരെ അകലെ നങ്കൂരമിട്ടു. അവിടെ നിന്നും വലിയ വള്ളങ്ങൾ/പത്തേമാരികൾ ആ ചരക്കുകൾ തീരത്തേക്കും തിരിച്ചും കൊണ്ടുവരികയായിരുന്നു. അവ 4 മുതൽ 5 ടൺ വരെ ഭാരമുള്ള ചരക്കുകൾ എടുക്കാൻ ശേഷിയുള്ളവയായിരുന്നു. ഒരു കാലത്ത് കേരളത്തിന്റെ വാണിജ്യ ഹൃദയഭാഗമായിരുന്നു മട്ടാഞ്ചേരി. അതിന്റെ ചരിത്രപ്രധാനതയും, സാംസ്കാരിക വൈവിധ്യവും ഇന്ന് പോലും അതിനെ വ്യത്യസ്തമാക്കുന്നുവെന്ന് പറയാം

**ജനങ്ങളും സംസ്കാരവും**

മട്ടാഞ്ചേരി അതിന്റെ സാംസ്കാരിക വൈവിധ്യത്തിനും ജനങ്ങളുടെ ഐക്യത്തിനും പേരുകേട്ട പ്രദേശമാണ്. മതഭേദമില്ലാതെ വിവിധ മതവിഭാഗങ്ങൾ, ഭാഷകൾ, സംസ്കാരങ്ങൾ എന്നിവയുള്ള ജനങ്ങൾ പരസ്പരം ബഹുമാനത്തോടെ സഹവസിക്കുന്നതാണ് ഈ പ്രദേശത്തിന്റെ പ്രത്യേകത.

വിദ്യാഭ്യാസം

മട്ടാഞ്ചേരി മലയാളം, ഇംഗ്ലീഷ് ഭാഷാമാധ്യമങ്ങളിലായി ഉന്നത വിദ്യാഭ്യാസം നൽകുന്ന പല പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പേരുകേട്ട പ്രദേശമാണ്. ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ്, ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സെൻട്രൽ കൽവത്തി, തിരുമല ദേവസ്വം ഹൈസ്കൂൾ, ഹാജി ഇസ ഹാജി മൂസ മെമ്മോറിയൽ ഹൈസ്കൂൾ, ശ്രീ കൊച്ചിൻ ഗുജറാത്തി വിദ്യാലയ, ആസിയബായ് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാനവിദ്യാലയങ്ങളാണ്. ഇതുകൂടാതെ നിരവധി ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാലയങ്ങളും സിബിഎസ്ഇ, ഐ സി എസ് ഇ, ഐ എസ് ഇ പാഠ്യപദ്ധതി പിന്തുടരുന്ന നിരവധി വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്.






# സ്കൂൾ ലഘുചരിത്രം

**ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ്, മട്ടാഞ്ചേരി**

മട്ടാഞ്ചേരി മേഖലയിൽ ശാശ്വത വിദ്യാഭ്യാസപരമ്പര്യത്തിന്റെ അടിത്തറയിടുന്നത് 1818-ൽ ആണ്. 1818ൽ ബ്രിട്ടീഷ് മിഷണറിയായിരുന്ന റവറന്റ്. ജെ ഡോസൺ കൊച്ചി ഗവൺമെന്റിന്റെ സഹായത്തോടെയാണ് മട്ടാഞ്ചേരിയിൽ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു. അതുവഴിയാണ് ഈ പ്രദേശത്ത് മിഷണറി, സർക്കാർ സഹകരണ വിദ്യാഭ്യാസസംവിധാനങ്ങൾ വളരാൻ തുടങ്ങിയത്. സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശവും, തുടക്കകാലത്ത് ഇവിടെ പഠിച്ചിരുന്നത് ജൂതസമൂഹത്തിൽപ്പെട്ട വിദ്യാർഥിനികളും മറ്റു മുൻഗണനയുള്ള സമുദായങ്ങളും ആയിരുന്നതിനാൽ പ്രാദേശികമായി ഇത് "ജ്യൂസ് ടൗൺ സ്കൂൾ" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 1937-ൽ സ്ഥാപിതമായ GGHSS, ഈ തുടർച്ചയായ പൊതുവിദ്യാഭ്യാസ ശൃംഖലയിലെ ഒരു പ്രധാന ഘടകമായി മാറി. 1937-ൽ ഒരു അപ്പർ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനമായി സ്ഥാപിതമായ മട്ടാഞ്ചേരി ഗവ. ഗേൾസ് ഹൈസ്കൂൾ, പിന്നീട് സെക്കൻഡറി വിദ്യാഭ്യാസവും ഹയർ സെക്കൻഡറിയും ഉൾക്കൊള്ളുന്ന രീതിയിൽ (5 മുതൽ 12 വരെയുള്ള ക്ലാസുകൾ) വികസിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ ഇത് പെൺകുട്ടികൾക്ക് മാത്രമായുള്ള സ്കൂളായിരുന്നു. സിലബസ്സിന്റെ കീഴിൽ, ഇന്നത്തെ സ്കൂൾ 5 മുതൽ 12 വരെയുള്ള ക്ലാസുകൾ നടത്തുന്നു. ഇപ്പോൾ ഏകദേശം 436 വിദ്യാർഥികളും, ഏകദേശം 24 അധ്യാപകരുമാണ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

2015-ൽ, വിദ്യാർഥികലുടെ പ്രവേശനം കുറവായതോടെയും, കൂടാതെ സഹപാഠിതാക്കളുമായി പഠിക്കാനുള്ള അവസരങ്ങൾ കുറവായതോടെയും സ്കൂൾ നേരിട്ടിരുന്ന വെല്ലുവിളികളെ മറികടക്കാനായി, ഹെഡ്മാസ്റ്റർ കൊച്ചി കോർപ്പറേഷനിനോടും ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷനോടും (DPI) ആൺകുട്ടികളെയും വിദ്യാർഥികളായി പ്രവേശിപ്പിക്കാൻ അനുവാദം തേടി. സ്കൂളിന്റെ 75 വർഷത്തെ വിദ്യാഭ്യാസ പാരമ്പര്യം മുന്നോട്ടുവച്ച്, സ്കൂളിന്റെ സമഗ്രവളർച്ചയും ഉൾച്ചേരലും ലക്ഷ്യമിട്ടായിരുന്നു ഈ നീക്കം. 2017-2021 കാലയളവിൽ സ്കൂളിന്റെ അടിസ്ഥാനസൗകര്യങ്ങൾ നവീകരിച്ചു; പുതിയ കെട്ടിടങ്ങളും ലബോറട്ടറികളും പണിതു. മട്ടാഞ്ചേരി എന്ന ചരിത്രപരമായി സമൃദ്ധമായ കൊച്ചി പ്രദേശത്തുള്ള ഈ സ്ഥാപനം, ഇന്ന് ഒരു ആധുനിക സഹപാഠിത വിദ്യാഭ്യാസസ്ഥാപനമായി മാറിക്കഴിഞ്ഞു. നവീകരിച്ച അധ്യയനസൗകര്യങ്ങൾ, പുതുമയുള്ള അടിസ്ഥാനസൗകര്യങ്ങൾ എന്നിവയുടെ സഹായത്തോടെ, കേരള സർക്കാർ നടത്തുന്ന പൊതുവിദ്യാഭ്യാസത്തിന്റെയും സാമൂഹികനീതിയുടെയും തത്വങ്ങളോട് ഒത്തുപോകുന്ന നിലയിൽ സ്കൂൾ ഉന്നതമായ വിദ്യാഭ്യാസം നൽകുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറ്റുക – കാഴ്ചപ്പാട്

മട്ടാഞ്ചേരി, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസ് എന്ന പൊതു വിദ്യാലയം ഇവിടെയെത്തുന്ന ഓരോ വിദ്യാർഥിക്കും, വിദ്യാഭ്യാസത്തിൽ നിന്നും ലഭിക്കാവുന്ന ഏറ്റവും മികച്ച എല്ലാം പ്രദാനം ചെയ്യുന്ന ഇടമായിരിക്കണം. അങ്ങനെ ഒരു ലക്ഷ്യം മുന്നിൽക്കണ്ട് രൂപീകരിച്ച കാഴ്ചപ്പാട് ചുവടെ ചേർക്കുന്നു.

- ⇨ വ്യക്തിയുടെ സർവതോൻമുഖമായ വികാസം എന്ന ആത്യന്തിക ലക്ഷ്യം കൈവരിക്കാൻ ഓരോ കുട്ടിക്കും അവസരമൊരുക്കുന്ന ഏറ്റവും ആകർഷകമായ ഇടമായിരിക്കണം വിദ്യാലയം.
- ⇨ പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സ്വാഭാവികമായ താൽപര്യത്തോടെ പങ്കാളികളാകുന്ന കുട്ടികളും അധ്യാപകരും ഉള്ള ഒരു കുടുംബം ആകണം വിദ്യാലയം.
- ⇨ ഓരോ വിദ്യാർഥിയുടെയും ശാരീരിക മാനസികപക്വതയിൽ ആർജിക്കേണ്ട അറിവുകളും ശേഷികളും പൂർണ്ണമായും നേടാൻ കഴിയുന്ന ഇടമാകണം വിദ്യാലയം.
- ⇨ ശുചിത്വം, കാരുണ്യം, സ്നേഹം, സഹകരണം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള അന്തരീക്ഷം വിദ്യാലയത്തിൽ ഉണ്ടാകണം.
- ⇨ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന ഇടമാണ് യഥാർഥ വിദ്യാലയം.
- ⇨ കായികം സാഹിത്യം ശാസ്ത്രം എന്നീ മേഖലകളിൽ ഓരോ വിദ്യാർഥിക്കും തന്റെ പൂർണ്ണതയിൽ എത്തിച്ചേരാൻ അനുയോജ്യമായ ഇടമാണ് വിദ്യാലയം.
- ⇨ സുസ്ഥിരമായ വികസനസങ്കൽപവും പരിസ്ഥിതിസൗഹാർദ്ദപരമായ അവബോധവും വിദ്യാർഥികളിൽ വളർത്തിയെടുക്കാൻ പര്യാപ്തമായ അന്തരീക്ഷമുള്ള സ്ഥാപനമായിരിക്കണം വിദ്യാലയം.
- ⇨ ലോകം ഒരു കുടുംബം എന്ന കാഴ്ചപ്പാടുള്ള പൗരൻമാരെ രൂപപ്പെടുത്താൻ വിദ്യാലയങ്ങൾക്കാകണം.
- ⇨ വിദ്യാലയം രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും തുറന്ന മനസ്സോടെ ഇടപഴകാൻ കഴിയുന്ന ഇടമാകണം:

# പൊതുലക്ഷ്യങ്ങൾ

- 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾ ഓരോരുത്തരും പ്രതീക്ഷിത നിലവാരത്തിലുള്ള ശേഷികളും ധാരണകളും കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- മതനിരപേക്ഷ ജനാധിപത്യ സംസ്കാരം രൂപപ്പെടുന്നതിനാവശ്യമായ മൂല്യബോധം ഓരോ വിദ്യാർഥിയിലും വളർത്താൻ അനുയോജ്യമായ അവസരങ്ങളും അന്തരീക്ഷവും വിദ്യാലയത്തിൽ സംജാതമാക്കുക.
- എല്ലാ വിദ്യാർഥികൾക്കും പഠിക്കാനും തദനുസരണമായ വികാസം നേടാനും അനുയോജ്യമായ അവസരസമത്വം വിദ്യാലയത്തിൽ നൽകുക.
- ഓരോ വിദ്യാർഥിക്കും തന്റെ കഴിവുകൾ കണ്ടെത്താനും അതിനെ പരമാവധി വളർത്തിക്കൊണ്ടുവരാനും അനുയോജ്യമായ സാഹചര്യം ഒരുക്കുക.
- മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
- എല്ലാ വിദ്യാർഥികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ പറയാനും വായിക്കാനും എഴുതാനും കഴിയുന്നു എന്ന് ഉറപ്പുവരുത്തുക.
- ലിംഗസമത്വത്തെക്കുറിച്ചുള്ള ആരോഗ്യകരമായ കാഴ്ചപ്പാടു വിദ്യാഭ്യാസകാലത്തുതന്നെ കുട്ടികളിൽ രൂപപ്പെടുവാൻ അനുയോജ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- വിദ്യാലയ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ അനുയോജ്യമായ വിധത്തിൽ സമൂഹത്തെ വിദ്യാലയവുമായി അടുപ്പിക്കുക
- രക്ഷിതാക്കളെ വിദ്യാലയത്തിലേക്ക് ആകർഷിക്കാൻ അനുയോജ്യമായ വിധം വിദ്യാലയാന്തരീക്ഷം രൂപപ്പെടുത്തുക.
- പഠനരീതികൾ വിദ്യാർഥികൾക്ക് താൽപര്യമുണർത്തുന്നതാക്കാൻ ഐ സി റ്റി സംവിധാനങ്ങൾ ഉപയോഗിക്കാൻ അധ്യാപകരെ പാപ്തരാക്കുക.
- വിവിധ പഠനരീതികൾക്കനുയോജ്യമാം വിധം മൂല്യനിർണ്ണയം സാർഥകവും വസ്തുനിഷ്ഠവും ആക്കുക.
- സംഘപഠനരീതികൾ അവലംബിക്കുമ്പോഴും കുട്ടികൾ നേടുന്ന അറിവുകളും കഴിവുകളും വ്യക്തിഗതമായി വിലയിരുത്താൻ അനുയോജ്യമായ രീതി അവലംബിക്കുക.
- പ്രത്യേകപരിഗണന അർഹിക്കുന്ന വിദ്യാർഥികൾക്ക് ഉൾപ്പെടെ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.
- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ-പരിസരസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ് അതുവഴി സ്കൂൾ പരിസരം ഒരു പാഠപുസ്തകമായി വികസിപ്പിച്ച് സ്കൂൾ ക്യാമ്പസ് ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
- പാരിസ്ഥിതിക അവബോധം, സാമൂഹികാവബോധം, മാലിന്യനിർമ്മാർജ്ജന അവബോധം, വിമർശന അവബോധം, എന്നിവ രൂപപ്പെടാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

# വിദ്യാലയം വികസനകാഴ്ചപാട്

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും പഠനനിലവാരം, ഭൗതിക സൗകര്യങ്ങൾ, സാമൂഹിക പങ്കാളിത്തം എന്നിവ കൂടുതൽ മെച്ചപ്പെടുത്തി വിദ്യാർഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ വിദ്യാലയത്തിന്റെ വികസന കാഴ്ച്ചപാട്. ആയതിനാൽ തന്നെ അക്കാദമികം ഭൗതികം സാമൂഹികം എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകളെ ഈ വികസനരേഖയിൽ ഉൾപ്പെടുത്തുന്നു

**നിലവിലെ അവസ്ഥ വിശകലനം**

സ്കൂൾ കോംപ്ലെക്സ് സംവിധാനത്തിന്റെ പ്രാഥമിക രൂപത്തിൽ പ്രവർത്തിക്കുന്ന ഈ സ്കൂൾ പ്രൈമറി സ്കൂൾ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി പ്രവർത്തിക്കുന്നു.

**ഭൗതിക സാഹചര്യങ്ങൾ**

ഹൈസ്കൂളിന് ഇരുനിലയുള്ള ഒരു പ്രധാന കെട്ടിടം ആണുള്ളത്. ഇരുനിലകെട്ടിടത്തിൽ ആകെ 22 മുറികളാണ് ഉള്ളത്. കൂടാതെ ഒരു മിനി ഓഡിറ്റോറിയവും ഉൾപ്പെടുന്നു. ഇവയിൽ 6 എണ്ണം ക്ലാസ് മുറികളാണ് ബാക്കിയുള്ള 16 മുറികളിൽ ഗ്രൗണ്ട്ഫ്ലോറിൽ പ്രഥമാധ്യാപികയുടെ മുറി/ഓഫീസ് റൂം, അപ്പർ പ്രൈമറി സ്റ്റാഫ് റൂം, അപ്പർ പ്രൈമറി വിഭാഗം സ്മാർട്ട് ക്ലാസ്, പാചകപ്പുര, സ്റ്റോർറൂം, സ്പോർട്സ് സ്റ്റോർ റൂം, ടെക്സ്റ്റ് ബുക്ക് സൊസൈറ്റി, ഊട്ടുപുരയ്ക്കായി നിർമ്മിച്ച മുറി (സജ്ജീകരണങ്ങൾ ഇല്ലാത്തതിനാൽ നിലവിൽ ഉപയോഗിക്കുന്നില്ല) എന്നിവയാണ്. ഒന്നാം നിലയിൽ ആർട്ട് റൂം ഹൈസ്കൂൾ സ്റ്റാഫ് റൂം, റെക്കോർഡ് റൂം, കമ്പ്യൂട്ടർലാബ്, ശാസ്ത്രലാബ്, ലൈബ്രറി, ഒഴിവായിക്കിടക്കുന്ന രണ്ട് ക്ലാസ് മുറികൾ എന്നിവയാണ് ഉള്ളത്.

വിദ്യാലത്തിനു നിലവിലുള്ള ഭൗതികസൗകര്യങ്ങൾ പട്ടികപ്പെടുത്തി ചുവടെ ചേർക്കുന്നു

**പട്ടിക 1.1**

| വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം നിലവിലെ അവസ്ഥ | | |
|---|---|---|
| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
| ക്ലാസ്സ്മുറി | 10 | ഇല്ല |
| ആൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 2 യൂണിറ്റ് | ആവശ്യമില്ല |
| പെൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 1 യൂണിറ്റ് | ആവശ്യമില്ല |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ളസൗകര്യം | തിളപ്പിച്ചാറിയ വെള്ളം പാചകപ്പുരയിൽ സജ്ജീകരിച്ചിരിക്കുന്നു | എല്ലാ ക്ലാസ്സ്മുറിയിലും കുടിവെള്ളം |
| പ്രധാന അധ്യാപക മുറി | ഉണ്ട് | ആവശ്യമില്ല |
| ചുറ്റുമതിൽ/ ഹരിതവേലി/ മറ്റുവേലികൾ | ഉണ്ട് | ആവശ്യമില്ല |

| | | |
|---|---|---|
| കളിസ്ഥലം | ഇല്ല | ആവശ്യമാണ് |
| ക്ലാസ് മുറിയിൽ റാമ്പ് വിത്ത് ഹാന്റ് റെയിൽ | പിന്നിലെ പ്രവേശനകവാടത്തിൽ ഉണ്ട് | പ്രധാന പ്രവേശനകവാടത്തിൽ വേണം |
| പാചകപ്പുര | ഉണ്ട് | ആവശ്യമില്ല |
| ഊട്ടുപുര | ഉണ്ട് ഉപയോഗിക്കുന്നില്ല | ആവശ്യമായ സൗകര്യങ്ങൾ ഇരിപ്പിടങ്ങൾ കൈകഴുകാനുള്ള സൗകര്യം, വാട്ടർ ഫിൽറ്റർ |

സ്കൂളിൽ ആവശ്യത്തിന് ക്ലാസ് മുറികൾ ഉണ്ട്. ലൈബ്രറിയും ലാബുമെല്ലാം ഇനിയും പരിഹരിക്കപ്പെടേണ്ട പരിമിതികൾ നിലനിൽക്കുന്നുണ്ട്. ശാരീരിക വൈകല്യമുള്ള വിദ്യാർഥികൾക്ക് സൗകര്യപ്രദമായ റാമ്പ്/റെയിൽ സംവിധാനങ്ങൾ വിദ്യാലയത്തിൽ പ്രവർത്തനസജ്ജമാണ്. കുടിവെള്ളവിതരണത്തിൽ വിദ്യാലയത്തിന് ആവശ്യത്തിനു സൗകര്യങ്ങൾ ഉണ്ട്. തിളപ്പിച്ചാറിയ കുടിവെള്ള സംവിധാനം പാചകപ്പുരയക്ക് സമീപം ഒരുക്കിയിട്ടുണ്ട്. എങ്കിലും ക്ലാസ് മുറികളിൽ കുട്ടികൾക്ക് ശുദ്ധജലം ലഭ്യമാക്കാൻ ആവശ്യമായ ഉപകരണങ്ങൾ ഒരുക്കാൻ കഴിഞ്ഞിട്ടില്ല.

**ശുചിമുറികൾ**

വിദ്യാലയത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ശുചിമുറികൾ പണിതിട്ടുണ്ട്. ശാരീരിക പരിമിതികൾ/ വൈകല്യങ്ങൾ ഉള്ള കുട്ടികൾക്കു അഡാപ്റ്റഡ് ടോയ്‌ലറ്റ് വിദ്യാലയത്തിൽ സ്ഥാപിച്ചിട്ടുണ്ട്. കൗമാരക്കാരായ പെൺകുട്ടികൾക്ക് പഠിക്കുന്ന വിദ്യാലയത്തിൽ 2 ഇൻസിനറേറ്റർ സ്ഥാപിച്ച ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സാനിട്ടറി നാപ്കിനുകൾ ലഭ്യമാക്കാൻ 2 വെൻഡിംഗ് മെഷീനുണ്ടെങ്കിലും ഉപയോഗിക്കാനുള്ള പാഡ് ലഭിക്കുന്നില്ല.

**വിദ്യാലയത്തിലെ ഐ ടി അനുബന്ധസംവിധാനങ്ങൾ**

വിദ്യാലയത്തിനു അത്യാവശ്യം വേണ്ടുന്ന ഐ ടി ഉപകരണങ്ങൾ ലഭ്യമാണെങ്കിലും ഹൈസ്കൂൾ തലത്തിൽ ഐ ടി അനുബന്ധ പ്രവർത്തനങ്ങൾ അനുപേക്ഷണീയമാകയാൽ പലപ്പോഴും യു പി വിദ്യാർഥികൾക്ക് അനുയോജ്യമാം വിധം അവ പ്രയോജനപ്പെടുത്താൻ കഴിയാതെ വരുന്നു. ഈ മേഖലയിൽ യു പി വിഭാഗത്തിന് പ്രത്യേക ലാബും സജ്ജമാക്കിയാൽ മാത്രമേ ഈ പോരായ്മ പരിഹരിക്കാൻ കഴിയൂ.

പട്ടിക 1.2

| വിദ്യാലയത്തിലെ ഐ ടി അനുബന്ധസാമഗ്രികളുടെ അവസ്ഥ | | |
|---|---|---|
| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |

| | | |
|---|---|---|
| കമ്പ്യൂട്ടർ - ഡെസ്ക് ടോപ്പ് | 2 | ആവശ്യമില്ല |
| ലാപ്ടോപ്പ് | 21 | ആവശ്യമില്ല |
| പ്രൊജക്ടർ- എൽ സി ഡി | 4 | 2 |
| റേഡിയോ | ഇല്ല | 1 |
| ടെലിവിഷൻ | 2 ഉപയോഗശൂന്യം | 2 എണ്ണം |
| വികടേഴ്സ് ചാനലിന്റെ ലഭ്യത | ഉണ്ട് | - |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | - |
| സ്കൂളിനു വെബ്സൈറ്റ് | ഇല്ല | വെബ് സൈറ്റ് ആവശ്യമാണ് |
| ബ്ലോഗ് | ഇല്ല | ബ്ലോഗ് നിർമ്മിക്കണം |
| ഇ -മെയിൽ ഐ ഡി | ഉണ്ട് | - |
| സ്മാർട്ട് ക്ലാസ് റൂം | 4 | 2 |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | ഇല്ല | 6 എണ്ണം |

# അക്കാദമിക മികവിലൂടെ വിദ്യാലയമികവ്

സ്കൂളിന്റെ ഹൈസ്കൂൾ വിഭാഗം പ്രഥമാധ്യാപികയുടെ കീഴിൽ പ്രവർത്തിക്കുന്നു. 76 വിദ്യാർഥികൾ 2025-26 അക്കാദമിക വർഷത്തിൽ ഇവിടെ അധ്യയനം ചെയ്യുന്നു. വിദ്യാർഥികളുടെ സ്ഥിതിവിവരകണക്കുകൾ ചുവടെയുള്ള പട്ടികയിൽ ചേർക്കുന്നു.

**പട്ടിക 1.3**

| 2025-26ൽ പഠിക്കുന്ന വിദ്യാർഥികളുടെ വിവരം | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിഭാഗം | V | | VI | | VII | | VIII | | IX | | X | | ആകെ | |
| | B | G | B | G | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 7 | 5 | 6 | 10 | 2 | 4 | 6 | 5 | 6 | 12 | 6 | 7 | 33 | 43 |
| ആകെ എണ്ണം | 12 | | 16 | | 6 | | 11 | | 18 | | 13 | | 76 | |

വിവിധ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

**പഠനമാധ്യമം**

**പട്ടിക 1.4**

| പഠനമാധ്യമം | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിഭാഗം | V | | VI | | VII | | VIII | | IX | | X | | ആകെ | |
| | B | G | B | G | B | G | B | G | B | G | B | G | B | G |
| മലയാളം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 0 | 1 | 1 |
| ഇംഗ്ലീഷ് | 7 | 5 | 6 | 10 | 2 | 4 | 6 | 5 | 6 | 11 | 5 | 7 | 32 | 42 |

**കാറ്റഗറി അടിസ്ഥാനത്തിൽ**

**പട്ടിക 1.5**

| കാറ്റഗറി അടിസ്ഥാനമാക്കി | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിഭാഗം | V | | VI | | VII | | VIII | | IX | | X | | ആകെ | |
| | B | G | B | G | B | G | B | G | B | G | B | G | B | G |
| എസ് സി | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 1 | 1 |
| എസ് ടി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| മുസ്ലിം | 5 | 5 | 3 | 4 | 1 | 1 | 5 | 4 | 5 | 10 | 5 | 7 | 24 | 31 |
| ഒ ഇ സി- മുസ്ലിം ഒഴികെ | 0 | 0 | 2 | 3 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 3 | 3 |
| ഇതര ന്യൂനപക്ഷങ്ങൾ | 1 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 1 | 1 |
| മറ്റുള്ളവർ | 1 | 0 | 1 | 2 | 1 | 3 | 1 | 0 | 0 | 2 | 0 | 0 | 4 | 7 |

### സാമ്പത്തികസ്ഥിതി അടിസ്ഥാനമാക്കി

**പട്ടിക 1.6**

| എ പി എൽ/ബി പി എൽ | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിഭാഗം | V | | VI | | VII | | VIII | | IX | | X | | ആകെ | |
| | B | G | B | G | B | G | B | G | B | G | B | G | B | G |
| എ പി എൽ | 4 | 1 | 2 | 1 | 1 | 0 | 0 | 2 | 1 | 1 | 4 | 2 | 12 | 7 |
| ബി പി എൽ | 3 | 4 | 4 | 9 | 1 | 4 | 6 | 3 | 5 | 11 | 2 | 5 | 21 | 36 |

### വിദ്യാലയത്തിൽ ജോലിചെയ്യുന്ന അധ്യാപകരുടെ എണ്ണം സംബന്ധിച്ച്

**പട്ടിക 1.7**

| അധ്യാപകർ - നിലവിലെ അവസ്ഥ | | | | |
|---|---|---|---|---|
| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താത്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവർ |
| യു പി വിഭാഗം | 3 | 3 | 0 | 2 |
| ഹൈസ്കൂൾ | 5 | 5 | 1 | 3 |
| ആകെ | 8 | 8 | 1 | 5 |

**കുട്ടികളുടെ പഠനനിലവാരം**

വിദ്യാലയാരംഭത്തിൽ മട്ടാഞ്ചേരിയിലെ വൈവിധ്യമാർന്ന സാമൂഹ്യാന്തരീക്ഷത്തിലും സാംസ്കാരിക സാമ്പത്തിക പശ്ചാത്തലത്തിലും ഉള്ള കുട്ടികൾ ഈ വിദ്യാലയത്തിൽ അധ്യയനം നടത്തിയിരുന്നു എന്നാൽ ഇന്ന് മട്ടാഞ്ചേരിയിലെയും സമീപപ്രദേശങ്ങളിലെയും സാമ്പത്തിക പിന്നാക്കാവസ്ഥ അനുഭവിക്കുന്നവരുടെയും മധ്യവർത്തി കുടുംബങ്ങളിലെയും കുട്ടികളാണ് സഹവിദ്യാഭ്യാസ സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിലെ വിദ്യാർഥികൾ. കുടുംബാന്തരീക്ഷം, സാമ്പത്തികസ്ഥിതി, മട്ടാഞ്ചേരിയിലെ പുതുതലമുറയിൽ കണ്ടുവരുന്ന അപകടകരമായ രീതികൾ ഈ വിദ്യാലയത്തിലെ പഠിതാക്കളുടെ പഠനനിലവാരത്തെ ബാധിച്ചിരിക്കുന്നു. രക്ഷിതാക്കളിൽ ഒരു വലിയ വിഭാഗം പേരും മക്കളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുന്നവരുമല്ല എന്ന സത്യം പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്നു. ചിലരെങ്കിലും മക്കളെ സ്കൂളിൽ അയക്കുന്നത് മക്കൾ അവിടെ സുരക്ഷിതരായിരിക്കുകയും അവർക്ക് ഭക്ഷണം ലഭിക്കുകയും ചെയ്യും എന്നതിനാലാണ്. ശിഥിലമായ കുടുംബാന്തരീക്ഷം, രക്ഷിതാക്കളുടെ മദ്യപാനം എന്നിവയും കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

അധ്യാപകരും, രക്ഷാകർത്തൃസമിതിയും, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും, ജാഗ്രതാസമിതിയും പ്രതിബന്ധങ്ങളെ മറികടക്കുന്നതിനു ശ്രമിക്കുന്നുണ്ട്. എങ്കിലും പൂർണ്ണമായി മുക്തിനേടാൻ കഴിഞ്ഞിട്ടില്ല. യു പി, ഹൈസ്കൂൾ ക്ലാസ്സുകളിൽ അടിസ്ഥാന ഭാഷാശേഷികളും ഗണിതനൈപുണികളും ഉറക്കാത്ത അവസ്ഥ

കുട്ടികളിൽ ചെറിയൊരു വിഭാഗത്തിനുണ്ട്. കുട്ടികൾക്ക് ആസ്വാദ്യകരമായ നിരവധി പ്രവർത്തനങ്ങളിലൂടെ ഇതു പരിഹരിക്കാൻ തീവ്രമായി ശ്രമിക്കുന്നുണ്ട്. വിദ്യാർഥികളുടെ അക്കാദമിക നിലവാരം ഉയർത്താൻ ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മേൽ സൂചിപ്പിച്ച വൈതരണികൾ മറികടക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് ആദ്യം മുൻതൂക്കം നൽകേണ്ടത്.

പശ്ചിമകൊച്ചിയിലെ വിദ്യാലയങ്ങളുടെ ആധിക്യം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്കളുടെ ആഭിമുഖ്യം തുടങ്ങി നിരവധി കാരണങ്ങളാൽ സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർഥികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു എങ്കിലും കഴിഞ്ഞ അധ്യയന വർഷവും ഈ വിദ്യാലയം പത്താം തരത്തിലെ പൊതുപരീക്ഷയിൽ നൂറുമേനി വിജയം കൊയ്തു.

**സാമൂഹിക പങ്കാളിത്തം**

വിദ്യാലയത്തിൽ പി ടി എ, എം പി ടി എ, എസ് എം സി, എസ് എസ് ജി, സ്കൂൾ വികസന സമിതി, ജാഗ്രതാ സമിതി എന്നിവ പ്രവർത്തിക്കുന്നുണ്ട്. സാമൂഹികപങ്കാളിത്തം വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്താൻ ഈ സമിതികൾ സഹായകമാകുന്നുണ്ട്. എങ്കിലും വിദ്യാലയത്തിന്റെ പഠനപിന്നാക്കാവസ്ഥ പരിഹരിക്കാൻ ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ, ലാബ് പ്രവർത്തനങ്ങൾ എല്ലാം കൂടുതൽ കാര്യക്ഷമമാക്കുക വഴി വിദ്യാർഥികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ കഴിയും.

കഴിഞ്ഞ അധ്യയനവർഷം നൂറുമേനി കൊയ്ത എസ് എസ് എൽ സി കുട്ടികൾക്കുള്ള ഉപഹാര വിതരണം സാമൂഹിക പങ്കാളിത്തത്തോടെ വിജയിപ്പിക്കാൻ കഴിഞ്ഞു. വിദ്യാലത്തിൽ ശുചീകരണ പ്രവർത്തനങ്ങളിലും ദിനാചരണങ്ങളിലും സാമൂഹികപങ്കാളിത്തം കൂടുതൽ ഉറപ്പാക്കുള്ള ശ്രമങ്ങൾ കാര്യക്ഷമമാക്കണം. സ്കൂളിൽ കുട്ടികളുടെ പാർലമെന്റ് പ്രവർത്തിക്കുന്നുണ്ട്. എബ്കിലും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

**വിദ്യാലയപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധസംവിധാനങ്ങളുടെ നിലവിലെ അവസ്ഥ:**

**പട്ടിക 1.8**

| **വിഭാഗം** | **നിലവിലെ അവസ്ഥ (കഴിഞ്ഞകാലപ്രവർത്തനങ്ങളുടെ വിലയിരുത്തൽ** |
|---|---|
| സബ്ജക്ട് കൗൺസിൽ | ആഴ്ചതോറും ഹൈസ്കൂൾ വിഭാഗം അധ്യാപകരോടൊപ്പം സബ്ജക്ട് കൗൺസിൽ ചേരുന്നു. പ്രവർത്തനങ്ങൾ വിലയിരുത്തി ആസൂത്രണം നടത്തുന്നു. |
| എസ് ആർ ജി | എല്ലാ മാസവും രണ്ടുവട്ടം ചേരുന്നു അവലോകനം ആസൂത്രണം എന്നിവ നടത്തുന്നു |
| പി ടി എ | സുസജ്ജം നിരവധി പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുന്നു |
| എം പി ടി എ | നിരവധി പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുന്നു |

| | |
|---|---|
| എസ് എം സി | സുസജ്ജം പ്രവർത്തനക്ഷമം |
| എസ് എസ് ജി | രൂപീകൃതം പ്രവർത്തനങ്ങൾ മെച്ചമല്ല |
| സ്കൂൾ വികസനസമിതി | രൂപീകൃതം പ്രവർത്തനങ്ങൾ മെച്ചമല്ല |
| ജാഗ്രതാസമിതി | സുസജ്ജം പ്രവർത്തനക്ഷമം |
| **ക്ലബ്ബ് പ്രവർത്തനങ്ങൾ** | |
| ഗണിത ക്ലബ്ബ് | പ്രവർത്തിക്കുന്നു |
| സാമൂഹിക ശാസ്ത്ര ക്ലബ്ബ് | പ്രവർത്തിക്കുന്നു |
| വിദ്യാരംഗം | പ്രവർത്തിക്കുന്നു |
| പരിസ്ഥിതി/പ്രകൃതി ക്ലബ്ബ് | പ്രവർത്തിക്കുന്നു |
| ശാസ്ത്രക്ലബ്ബ് | പ്രവർത്തിക്കുന്നു |
| ഊർജക്ലബ്ബ് | പ്രവർത്തിക്കുന്നു |
| **ലാബ്/ ലൈബ്രറി പ്രവർത്തനങ്ങൾ** | |
| ലൈബ്രറി | പ്രവർത്തിക്കുന്നു. വൈദ്യുതീകരിച്ചിട്ടില്ല |
| സയൻസ് ലാബ് | പ്രവർത്തനക്ഷമം |
| കമ്പ്യൂട്ടർ ലാബ് | സുസജ്ജം പ്രവർത്തനക്ഷമം |
| സാമൂഹികശാസ്ത്ര ലാബ് | പ്രവർത്തിക്കുന്നു; എന്നാൽ പ്രത്യേകമുറിയില്ല |
| ഗണിത ലാബ് | പ്രവർത്തിക്കുന്നു; എന്നാൽ പ്രത്യേക മുറിയില്ല |

നിലവിലെ നേട്ടങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും പരിമിതികളെ തരണം ചെയ്തുകൊണ്ടും ലക്ഷ്യങ്ങൾ മുൻകൂട്ടി വ്യക്തമായി നിർണ്ണയിച്ചും ചിട്ടയായ ആസൂത്രണത്തോടെ സമയബന്ധിതമായി പ്രവർത്തിച്ചും ഗുണഫലങ്ങൾ യഥാസമയം നേടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് വിലയിരുത്തൽ നടത്തുകയും ചെയ്താൽ വിദ്യാലയം തീർച്ചയായും മികവിലേക്കുയരും. ഇപ്രകാരം അക്കാദമിക മികവ് ലക്ഷ്യമിട്ട് ആസൂത്രണം ചെയ്യപ്പെട്ട് പാഠ്യവും പാഠ്യേതരവുമായ മേഖലകളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

**അക്കാദമികം**

**പട്ടിക 1.9**

| വിഷയം | പ്രവർത്തനം |
|---|---|
| മലയാളം | എന്റെ മലയാളം, നല്ല വായന, ലൈബ്രറി ശാക്തീകരണം, പുസ്തകചർച്ച, വായനക്കൂട്ടം, ഫീൽഡ് ട്രിപ്പ്, ശിൽപശാല, ഫിലിം ഫെസ്റ്റ്, രചനാശിൽപശാല സർഗവേള, വാർത്തവായന, സാഹിത്യ പ്രശ്നോത്തരി, കൈയെഴുത്തുമാസിക, ഭാഷാക്ലബ്ബ്/ വിദ്യാരംഗം ക്ലാസാഹിത്യവേദി പ്രവർത്തനങ്ങൾ |
| English | Reading Books. Secret Message. Scripts for Skits. Class Magazines. News Paper Preparation. Illustrated Stories. Greeting Cards. My own English. Riddles and Puzzles. English Comer. Readers Club |
| ഹിന്ദി | പ്രവർത്തനപാക്കേജ്, ഹിന്ദി അന്തരീക്ഷം ഒരുക്കൽ, കളിയിലൂടെ പഠിക്കാം, ഹിന്ദി ക്ലബ്ബ് സ്പോക്കൺ ഹിന്ദി ഡിജിറ്റൽ ലൈബ്രറി, ദിനാചരണങ്ങൾ, ബാലസഭ, |
| സാമൂഹികശാസ്ത്രം | പ്രീ ടെസ്റ്റ്, പ്രദർശനം, സ്വാതന്ത്ര്യസമരം, ജനാധിപത്യപ്രക്രിയ, പ്രാദേശിക ചരിത്രം, സ്കൂൾ അസംബ്ലി, ഗ്ലോബ് വിശകലനം, വീഡിയോ പ്രദർശനം, ഭൂപട വായന, സോഷ്യൽ സയൻസ് ഫെസ്റ്റ് |
| ഗണിതശാസ്ത്രം | പ്രീ ടെസ്റ്റ്, ഗണിതകേളി, ഗണിതക്ലബ്, പോസ്റ്റ് ടെസ്റ്റ്, ഗണിതലാബ്, പോസ്റ്റ് ടെസ്റ്റ്, ഗണിതമേള, രേഖീയ സംഖ്യകൾ, നിർമിതികൾ, പ്രശ്നാപഗ്രഥനം, വിദ്യാലയം ഗണിതമയം |
| ശാസ്ത്രം | പ്രീ ടെസ്റ്റ്, അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ, ശാസ്ത്രക്ലബ്, ശാസ്ത്രലൈബ്രറി, ദിനാചരണങ്ങൾ, ഗൃഹസന്ദർശനം |
| ആരോഗ്യകായിക വിദ്യാഭ്യാസം | ശാരീരികക്ഷമത, കളികൾ, മാസ് ഡ്രിൽ, സൂംബനൃത്ത പരിശീലനം യോഗപരിശീലനം, ചലനം ശാസ്ത്രീയം, സമീകൃതാഹാരം, കളികൾ പെൺകുട്ടികൾക്ക്, കായികമേള |
| പ്രവൃത്തി പഠനം | ലഘുപാനീയങ്ങൾ നിർമ്മിക്കാം, വീട്ടുപകരണങ്ങൾ ഉണ്ടാക്കാം, ക്യാരിബാഗ്, സ്റ്റേഷണറി, ചിത്രത്തുന്നൽ, കൗതുകവസ്തുക്കൾ. പാഴവസ്തുക്കളിൽ നിന്ന് അവശ്യവസ്തുക്കൾ |
| കലാവിദ്യാഭ്യാസം | കലാകാരൻമാരെ കണ്ടെത്താം, കലകൾ ആസ്വദിക്കാം, ഷോർട്ട് ഫിലിം, കേരളത്തിന്റെ നാടൻകലകൾ, പ്രാദേശിക ഉത്സവങ്ങൾ ആഘോഷങ്ങൾ, പാഠങ്ങൾ കലാരൂപങ്ങളാകുന്നു, എല്ലാവർക്കും ചെയ്യാം. അഭിമുഖം. |

| വിഷയം | പ്രവർത്തനം |
|---|---|
| പ്രത്യേകപരിഗണനന അർഹിക്കുന്ന കുട്ടികൾ | റാമ്പ് വിത്ത് റെയിൽ, അഡാപ്റ്റഡ് ടോയ്‌ലറ്റ് വിത്ത് ഹാൻഡ് റെയിൽ, ഐ ഇ പി, റെമെഡിയൽ ടീച്ചിംഗ് |
| അക്കാദമിക് കൗൺസിലിങ് | കൗമാരവിദ്യാഭ്യാസം, സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം, മാനസികാരോഗ്യം കൂട്ടാം, പഠന പിന്നാക്കാവസ്ഥ തരണം ചെയ്യാം, ലഹരി ഉപയോഗം തടയാം, ലൈംഗികവിദ്യാഭ്യാസം |

**ഭൗതികവും സാമൂഹികവുമായ തലങ്ങളിൽ ആർജിക്കേണ്ട മികവുകൾ**

| വിഷയം | പ്രവർത്തനം |
|---|---|
| സാമൂഹികം | സുരക്ഷിതബാല്യം സുന്ദരബാല്യം, ഭവനസന്ദർശനം, പൂർവവിദ്യാർഥി സംഗമം, ആതുരാലയങ്ങൾ/ വൃദ്ധമന്ദിരങ്ങൾ സന്ദർശിക്കൽ, സ്കൂൾ വാർഷികം, ദിനാചരണങ്ങൾ, ആഘോഷങ്ങൾ |
| ഭൗതികം | അപ്പർ പ്രൈമറിക്ക് കമ്പ്യൂട്ടർ ലാബ്, ലാംഗ്വേജ് ലാബ്, ലൈബ്രറി വൈദ്യുതീകരണം, എല്ലാ ക്ലാസ്മുറികളിലും കുടിവെള്ള വിതരണം, മാലിന്യസംസ്കരണം സംവിധാനം, സയൻസ് ലബോറട്ടറി നവീകരണം, സാമൂഹികശാസ്ത്രലാബ്, ഗണിതശാസ്ത്രലാബ് |

## മാതൃഭാഷാപഠനം

മാതൃഭാഷ പഠനനിലവാരത്തിൽ കേരളത്തിന്റെ സ്ഥാനം ദേശീയ ശരാശരിക്കും മുകളിലാണ്. എങ്കിലും ചെറിയ ശതമാനം വിദ്യാർഥികൾക്ക് മലയാളം എഴുതാനും വായിക്കാനും ഇപ്പോഴും പ്രയാസമുണ്ട്. പ്രായത്തിനനുസരിച്ച് കുട്ടികളിൽ വികസിക്കേണ്ട ഭാഷാശേഷികൾ യഥാസമയം വികസിക്കാതെ ഇരുന്നാൽ അത് പഠനത്തെ പ്രതികൂലമായി ബാധിക്കും. ദൈനംദിന വ്യവഹാരത്തിനും സർഗാത്മകവ്യവഹാരത്തിനും ഉള്ള മാധ്യമം എന്ന നിലയിലും പഠനമാധ്യമം എന്ന നിലയിലും മാതൃഭാഷയുമായി ബന്ധപ്പെട്ട വിവിധ ശേഷികൾ പ്രാധാന്യമർഹിക്കുന്നു. അതിനാൽ മാതൃഭാഷയിൽ നേടേണ്ട ശേഷികളുടെ നിലവാരത്തിൽ ഒത്തുതീർപ്പുകൾ ഉണ്ടാകാത്ത വിധത്തിൽ എല്ലാ കുട്ടികൾക്കും മികച്ച ഭാഷാനുഭവം നൽകുന്ന പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു. ഭാഷാപ്രാവീണ്യവും ചിന്തയും ഭാവനയും സാംസ്കാരികാവബോധവും പോഷിപ്പിക്കുന്നതും സ്വയംപഠന പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകണം. സമ്പന്നമായ സാഹിത്യം ആസ്വദിക്കാനും നാടിന്റെ സാംസ്കാരികപൈതൃകത്തെ തിരിച്ചറിഞ്ഞ് ഉൾക്കൊള്ളാനും മാനുഷികമൂല്യങ്ങൾ ആർജിക്കാനും സർഗശേഷി വികസിപ്പിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങളാണ് മലയാള ഭാഷാപഠനത്തിനായി തയ്യാറാക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ ലക്ഷ്യംവയ്ക്കുന്നത്.

**മാതൃഭാഷാപഠനം- നിലനിൽക്കുന്ന പ്രശ്നങ്ങൾ**

**അപ്പർ പ്രൈമറി വിഭാഗം**

- ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു
- പഠിതാവിന് അർഥപൂർണമായ വായന ഉറപ്പാക്കാൻ സാധിക്കുന്നില്ല
- പഠിതാക്കളുടെ കലാ വാസനകളെ പരിപോഷിപ്പിക്കാൻ കഴിയുന്നില്ല

| ക്രമ നമ്പർ | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | അക്ഷരം ഉറപ്പിക്കൽ- [ പദസമ്പത്ത് ആശയസംവാദം, അടിസ്ഥാനശേഷി ഉറപ്പിക്കൽ | അക്കാദമിക വർഷം |
| 2 | ഭാഷാകേളി – അക്ഷരങ്ങൾ, പദങ്ങൾ ആവർത്തിച്ചു വരുന്ന വരികൾ വാക്യങ്ങൾ ഇവയുടെ ആസ്വാദനം. പദങ്ങൾ ഉപയോഗിച്ച് വാക്യനിർമ്മാണം | |
| 3 | വർഷാവസാനം വരെ പാഠഭാഗമായി വരുന്ന ചൊൽക്കാഴ്ചകൾ, കവിതാലാപനം, പദകേളി തുടങ്ങിയ പ്രവർത്തനങ്ങൾ, ആസ്വാദനക്കുറിപ്പ്, ചിത്രരചന (സർഗവേള) | |
| 4 | വാർത്താലോകത്തേക്ക് – വിദ്യാലയത്തിൽ ലഭിക്കുന്ന പത്രം എല്ലാ ദിവസവും വായിപ്പിക്കുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു. | |

## ഹൈസ്കൂൾതലം

**നിലനിൽക്കുന്ന പ്രശ്നങ്ങൾ**

- ഹൈസ്കൂൾ ക്ലാസുകളിലെ വിദ്യാർഥികളിൽ ഒരു ചെറിയ വിഭാഗം അടിസ്ഥാനഭാഷാശേഷികൾ ഉറക്കാത്തവരാണ്.
- മികച്ച ഒരു ലൈബ്രറി ഉണ്ടെങ്കിലും വിദ്യാർഥികളിൽ വലിയൊരുവിഭാഗം വായനയിൽ താൽപര്യം കാട്ടുന്നില്ല.
- വിദ്യാർഥികൾക്ക് സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര അവസരങ്ങൾ ലഭിക്കുന്നില്ല.
- വായനയ്ക്കുള്ള അവസരങ്ങൾ ക്ലാസിൽ കുറവ്.
- ഭിന്നനിലവാരക്കാരായ വിദ്യാർഥികളെ കൂടി പരിഗണിച്ച് ക്ലാസ് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല.
- ക്ലാസിലെ അച്ചടക്കമില്ലായ്മ, മാതാപിതാക്കളോടും അധ്യാപകരോടും മുതിർന്നവരോടും സഹപാഠികളോടും ആദരവ് കുറവ്, മൊബൈൽ ഫോണിനോടുള്ള അമിതമായ താൽപര്യം തുടങ്ങിയവ കുട്ടികളിൽ നിലനിൽക്കുന്നു.
- പഠനത്തോടുള്ള താൽപര്യക്കുറവ് ലക്ഷ്യബോധം ഇല്ലായ്മ.
- സൻമാർഗമൂല്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുകയോ അവ ശീലിക്കേണ്ടത് ജീവിതവിജയത്തിന് അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിയുകയോ ചെയ്യുന്നില്ല.

**പരിഹാരങ്ങൾ**

- അടിസ്ഥാന ഭാഷശേഷികൾ ഉറപ്പിക്കാൻ പ്രവർത്തന പാക്കേജ് നടപ്പാക്കൽ.
- ക്ലാസിൽ നിത്യവും ശ്രവ്യവായന ഉറപ്പാക്കൽ.
- ക്ലാസിൽ നിത്യവും പത്രവായനയ്ക്ക് അവസരം നൽകൽ.
- പ്രധാനവാർത്തകൾ ആസ്പദമാക്കി ചോദ്യങ്ങൾ നൽകി വാരാന്ത്യത്തിൽ പ്രശ്നോത്തരി സംഘടിപ്പിക്കൽ വായനമൂല സജ്ജീകരിച്ച് വായന പ്രോത്സാഹിപ്പിക്കൽ.
- സ്കൂൾലൈബ്രറി ക്ലാസ്സ്ലൈബ്രറി എന്നിവ ശക്തിപ്പെടുത്തൽ.
- ലൈബ്രറിയിൽ കുട്ടികൾക്ക് മികച്ച കാവ്യാലാപന മാതൃകകളും പ്രസംഗങ്ങളും കേൾക്കാനും പരിശീലിക്കാനും അവസരം നൽകൽ.
- പുസ്തകചർച്ചകൾ സംഘടിപ്പിക്കൽ. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ലഘുപ്രദർശനങ്ങൾ ലൈബ്രറിയിൽ സംഘടിപ്പിക്കൽ. സർഗാത്മകപ്രവർത്തനങ്ങൾക്ക് അധിക അവസരങ്ങൾ നൽകാൻ ശില്പശാലകൾ സംഘടിപ്പിക്കൽ (കഥ, കവിത, നാടകം).
- സർഗവേളകൾ കൂടുതൽ കാര്യക്ഷമമാക്കൽ. ഭാഷ സംസ്കാരം തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്മാരകങ്ങൾ/മ്യൂസിയങ്ങൾ/കലാകേന്ദ്രങ്ങൾ സന്ദർശിക്കാൻ അവസരം നൽകൽ. സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ലഘുജീവചരിത്രക്കുറിപ്പോടെ ഫ്രെയിം ചെയ്ത് പ്രദർശിപ്പിക്കൽ. കൈയെഴുത്തുമാസിക, ചുമർപത്രിക, പതിപ്പുകൾ എന്നിവ തയ്യാറാക്കി പ്രകാശനം ചെയ്യുന്നതിന് കുട്ടികൾക്ക് അവസരം നൽകൽ.

# പ്രവർത്തനപദ്ധതി വിശദാംശങ്ങൾ - ഹൈസ്കൂൾ വിഭാഗം

## ഹൈസ്കൂൾ വിഭാഗം

പ്രവർത്തനം : 1. എന്റെ മലയാളം

ഉപമേഖല : മലയാള ഭാഷാപഠനം ലക്ഷ്യം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| | അടിസ്ഥാന ഭാഷാശേഷികൾ ഉറപ്പിക്കൽ | പ്രിടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി ചിഹ്നം, വായന, ലേഖനം, എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധപ്രവർത്തനങ്ങൾ നൽകൽ. ഭിന്നനിലവാരക്കാർക്ക് റിസോഴ്സ് ടീച്ചറുടെ സഹായത്തോടെ അനുരൂപീകരണം. പോസ്റ്റ്ടെസ്റ്റ് തുടർപ്രവർത്തനം വായനക്കേളികൾ | വർക്ക്ഷീറ്റ്<br>അക്ഷര കാർഡ്<br>വാക്യ ചാർട്ട്<br>കഥാപൂരണം<br>ബാലകഥകൾ<br>ഓഡിയോ, വീഡിയോ ക്ലിപ്പുകൾ |

പ്രവർത്തനം : 2. നല്ല വായന

ഉപമേഖല : വായന

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | വായന നിലവാരം മെച്ചപ്പെടുത്തി മികച്ച വായനക്കാരാക്കുന്നതിന് | ഭാഷാ ക്ലാസിൽ എന്നും അഞ്ചുമിനിറ്റ് ഇഷ്ടം വായനക്ക് അവസരം നൽകുന്നു വിലയിരുത്തൽ മെച്ചപ്പെടുത്താൻ നിർദ്ദേശം മികച്ച വായനയ്ക്ക് സമ്മാനം | മാസികകൾ<br>കഥാസമാഹാരങ്ങൾ |

പ്രവർത്തനം : 3. ക്ലാസ് ലൈബ്രറി ശാക്തീകരണം

ഉപമേഖല : വായന

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | വായനമൂല ഒരുക്കൽ വായന പ്രോത്സാഹിപ്പിക്കൽ | അനുയോജ്യമായ രീതിയിൽ പുസ്തകങ്ങൾ ആനുകാലികങ്ങൾ ബാലപ്രസിദ്ധീകരണങ്ങൾ എന്നിവ സജ്ജീകരിച്ച് വായനമൂല ആകർഷകമാക്കി കുട്ടികൾക്ക് വായിക്കാൻ പ്രചോദനവും പ്രോത്സാഹനവും നൽകുന്നു | ബാലപ്രസിദ്ധീകരണങ്ങൾ<br>ആനുകാലികങ്ങൾ |
| 2 | ക്ലാസ് ലൈബ്രറി ശാക്തീകരണം | കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ നൽകി വായിക്കാൻ അവസരം നൽകുന്നു വായക്കുറിപ്പ് തയ്യാറാക്കാൻ വേണ്ട നിർദേശം നൽകുന്നു നല്ല വായനക്കുറിപ്പുകൾക്ക് സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുന്നു. | ലൈബ്രറി പുസ്തകങ്ങൾ |

പ്രവർത്തനം : 4 പുസ്തകചർച്ച

ഉപമേഖല : വായന

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | പുസ്തകചർച്ചകൾ സംഘടിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ കുട്ടികൾക്ക് നൽകി | ലൈബ്രറിപുസ്തകങ്ങൾ |

| | | | |
|---|---|---|---|
| | | വായിക്കാൻ പ്രേരിപ്പിക്കുന്നു പുസ്തകം സംഘചർച്ചയ്ക്ക് ഉപയോഗപ്പെടുത്തുന്നു | |

പ്രവർത്തനം : 5 .വായനക്കൂട്ടം

ഉപമേഖല : വായന

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | വായനക്കൂട്ടം രൂപീകരിക്കൽ | പുസ്തകം വായിക്കാൻ താല്പര്യമുള്ള കുട്ടികളെ ചേർത്ത് വായനക്കൂട്ടം രൂപീകരിക്കുന്നു | ലൈബ്രറിപുസ്തകങ്ങൾ |

പ്രവർത്തനം : 6 ഫീൽഡ് ട്രിപ്പ്

ഉപമേഖല : ഭാഷയും സംസ്കാരവും

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | ഭാഷ, സംസ്കാരവും തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്മാരകങ്ങൾ/ മ്യൂസിയങ്ങൾ എന്നിവ സന്ദർശിച്ച് കാര്യങ്ങൾ നേരിട്ട് അറിയുവാൻ അവസരമൊരുക്കുക | ഫീൽഡ് ട്രിപ്പ് കേരളത്തിന്റെ സാംസ്കാരിക കേന്ദ്രങ്ങൾ/സ്മാരകങ്ങൾ/മ്യൂസിയങ്ങൾ സന്ദർശിക്കാൻ അവസരം നൽകുന്നു. (ഫോർട്ടുകൊച്ചി കഥകളി സെന്റർ/ കൊച്ചിയിലെ ചരിത്ര സ്മാരകങ്ങൾ/ഫോക്ലോർ മ്യൂസിയം, തേവര/ചരിത്ര മ്യൂസിയം, ഇടപ്പള്ളി/ കേരളകലാമണ്ഡലം) | റഫറൻസ് ഗ്രന്ഥങ്ങൾ |

പ്രവർത്തനം : 7 വിഷ്വൽ ട്രാവലോഗ് നിർമ്മാണം

ഉപമേഖല : സർഗാത്മകരചന

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | സർഗാത്മകപ്രവർത്തനങ്ങൾക്ക് അധികം അവസരങ്ങൾ നൽകൽ | കൊച്ചിയിലെ ചരിത്രസ്മാരകങ്ങൾ സന്ദർശിക്കുകയും ദൃശ്യയാത്രാവിവരണം നിർമ്മിക്കുകയും ചെയ്യുന്നു | മൊബൈൽ, ലാപ്ടോപ്പ്, മൈക്രോഫോൺ, സ്പീക്കർ |

പ്രവർത്തനം : 8 ശില്പശാല (കഥ)

ഉപമേഖല : സർഗാത്മക രചന

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | സർഗാത്മക പ്രവർത്തനങ്ങൾക്ക് അധിക അവസരങ്ങൾ നൽകൽ | കഥകളുടെ വിവിധ മാതൃകകൾ പരിചയിക്കൽ<br>വിദഗ്ധരുടെ നേതൃത്വത്തിൽ ശില്പശാല കഥാകൃത്തുമായി ചർച്ച | ശിൽപശാലയ്ക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന വ്യക്തികൾ<br>വിവിധ സാഹിത്യകാരൻമാരുടെ കഥകൾ<br>പതിപ്പിന് വേണ്ട പേപ്പർ ചിത്രങ്ങൾ മുതലായവ |

പ്രവർത്തനം : 9 ഫിലിം ഫെസ്റ്റ്

ഉപമേഖല : ഭാഷയും സിനിമയും

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | നല്ല സിനിമകൾ കാണാനുള്ള അവസരം നൽകുന്ന അതിന്റെ ഭാഗമായി ഫിലിം ഫെസ്റ്റ് സംഘടിപ്പിക്കൽ | വിവിധ ക്ലാസുകളിലെ ഭാഷാപാഠങ്ങളുമായി ബന്ധപ്പെട്ട ശേഖരിക്കുന്ന ക്ലാസിക് സിനിമകളുടെ പ്രദർശനം<br>ആസ്വാദന ചർച്ച | സിനിമകളുടെ പകർപ്പുകൾ<br>മേഖലയിലെ വിദഗ്ധർ |

പ്രവർത്തനം : 10 സർഗവേള

ഉപമേഖല : കല, സാഹിത്യാഭിരുചി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | സർഗവേളകൾ കൂടുതൽ കാര്യക്ഷമമാക്കി വിദ്യാർഥികൾക്ക് കല സാഹിത്യം എന്നിവയിൽ അഭിരുചി വളർത്തുന്നതിന് | സർഗവേളകളിൽ വിദ്യാർഥികളുടെ കലാ-സാഹിത്യാഭിരുചി കണ്ടെത്തുന്നതിന് കുട്ടികളുടെ കലാപ്രകടനത്തിന് അവസരമൊരുക്കുന്നു<br>നല്ല പ്രകടനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു<br>കൂടുതൽ പരിശീലനങ്ങൾ നൽകുന്നു<br>വിദ്യാരംഗം സാഹിത്യവേദി യുവജനോത്സവം തുടങ്ങിയ മത്സരങ്ങളിൽ പങ്കെടുക്കാൻ വേണ്ട പ്രോത്സാഹനം നൽകുന്നു | ഓഡിയോ വീഡിയോ ക്ലിപ്പുകൾ<br>കവിതകളുടെ വരികൾ<br>പ്രസംഗ മാതൃകകൾ |
| 2 | കവിതാലാപനം പ്രസംഗം എന്നിവയിൽ കൂടുതൽ പരിശീലനം നൽകി മത്സരങ്ങൾക്കു പങ്കെടുക്കുന്നതിന് യോഗ്യരാക്കുന്നതിന് | ലൈബ്രറിയിൽ കാവ്യാലാപനം പ്രസംഗം എന്നിവയുടെ മികച്ച മാതൃകകൾ കേൾക്കാൻ അവസരം നൽകുന്നു<br>വിദ്യാർഥികളുടെ ആലാപനവും അവതരണവും മെച്ചപ്പെടുത്താൻ വേണ്ട പരിശീലനം നൽകുന്നു | |
| 3 | വായന പ്രസംഗം കവിതാലാപനം എന്നിവയിൽ മികവിലേക്ക് ഉയർത്തുന്നതിന് | അസംബ്ലിയിൽ വായന, പ്രസംഗം, കവിതാലാപനം എന്നിവ നിർബന്ധമാക്കുന്നതിന് ക്ലാസ് അധ്യാപകരുടെ പിന്തുണ തേടുന്നു<br>ആവശ്യമായ പരിശീലനം നൽകി വിദ്യാർഥികളെ ഒരുക്കുന്നു | |

പ്രവർത്തനം : 11 വാർത്ത വായന

ഉപമേഖല : പൊതുവിജ്ഞാനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | പത്രവായന ക്ലാസിൽ | വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കുക<br>നിത്യവും ക്ലാസിൽ പത്രവായന ഉറപ്പാക്കുക | വിവിധ പത്രങ്ങൾ<br>വാർത്ത ബോർഡ് |

| | | | |
|---|---|---|---|
| | ദിവസവും സംഘടിപ്പിക്കുക പൊതുവിജ്ഞാനം വർദ്ധിപ്പിക്കാൻ അനുയോജ്യമായ അവസരങ്ങൾ സൃഷ്ടിക്കുക | പ്രധാന വാർത്തകൾ ഉൾപ്പെടുത്തി പ്രശ്നോത്തരി തയ്യാറാക്കുക വാരാന്ത്യത്തിൽ പ്രശ്നോത്തരി സംഘടിപ്പിച്ച് സമ്മാനം നൽകുക | |

പ്രവർത്തനം : 12 സാഹിത്യപ്രശ്നോത്തരി

ഉപമേഖലാ : സാഹിത്യവിജ്ഞാനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | ഭാഷ സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ നേടുന്നതിന് | സാഹിത്യപ്രശ്നോത്തരി ചോദ്യങ്ങൾ പ്രദർശിപ്പിക്കുന്നു<br>ഓരോ വാരവും അവസാനം പ്രശ്നോത്തരി സംഘടിപ്പിക്കുന്നു | സാഹിത്യക്വിസ് ശേഖരം |
| 2 | സാഹിത്യകാരൻമാർ നവോഥാനനായകർ എന്നിവരെ കൂടുതൽ അറിയുന്നതിന് | സാഹിത്യകാരന്മാർ സാംസ്കാരിക നവോത്ഥാന നായകർ എന്നിവരുടെ ഛായാചിത്രങ്ങൾ ലഘു ജീവചരിത്രക്കുറിപ്പ് സഹിതം തയാറാക്കി പ്രദർശിപ്പിക്കുന്നു | ചിത്രങ്ങൾ, സൺപാക്ക് ഷീറ്റ്, ഇൻസുലേഷൻ ടേപ്പ് ഒ എച്ച് പി ഷീറ്റ്, പേപ്പർ |

പ്രവർത്തനം : 13 കയ്യെഴുത്തുമാസിക

ഉപമേഖലാ : സാഹിത്യ പ്രസിദ്ധീകരണം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | സർഗവാസനകളെ പ്രോത്സാഹിപ്പിച്ച് നല്ല എഴുത്തു മാതൃകകളിൽ മികവ് ഉണ്ടാക്കുന്നതിന് | വിവിധ ശില്പശാലകൾ പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായി രൂപപ്പെടുന്ന സ്വതന്ത്ര രചനകൾ സമാഹരിച്ചു കൈയെഴുത്തു മാസിക തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br>വിദ്യാർഥികളെ ഉൾപ്പെടുത്തി പത്രാധിപസമിതി രൂപീകരിക്കുന്നു.<br>സ്കൂൾ അസംബ്ലിയിൽ മാസിക പ്രകാശനം ചെയ്യുന്നു. | ചിത്രങ്ങൾ മാർക്കറ്റുകൾ പേപ്പർ മുതലായവ |

പ്രവർത്തനം : 14 ദിനാചരണങ്ങൾ

ഉപമേഖലാ : ഭാഷ സംസ്കാരം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | അനുബന്ധ പഠനസാമഗ്രികൾ |
|---|---|---|---|
| 1 | ഭാഷയും സാഹിത്യവുമായി | വായനപക്ഷം, കർഷകദിനം, കേരളപ്പിറവി, സാഹിത്യകാരൻമാരുടെ ജൻമദിനം, ചരമദിനം എന്നിവ വിവിധ | ചിത്രങ്ങൾ അനുബന്ധ സാമഗ്രികൾ |

| | | | |
|---|---|---|---|
| | കൂടുതൽ അടുപ്പിക്കുക | പ്രവർത്തനങ്ങളോടെ സ്കൂൾ അസംബ്ലിയിലും ക്ലാസിലും സംഘടിപ്പിക്കുക | |

# English

The importance of language is essential to every aspect and interaction in our everyday lives. We use language to communicate what we feel, what we desire, and understand the world around us. We communicate effectively with our words, gestures and tone of voice. When comparing with the other languages, English plays an important role in our everyday life. English plays an important role in professional education like engineering, medicine, IT and education. It is essential for the developing world. Mainly, people can prove its international power to make use of this language worldwide. It is the common language people use internationally. No one can avoid it because it is necessary for everyone. Though English has so many advantages, it has limitations or problems also

**Problems in learning English**

- Students are not able to produce even a single sentence without any grammatical error in English.
- Lack of concentration in class
- Poor English-speaking skills
- Spelling mistakes
- Problems caused by grammar
- Students do not get ample opportunities to listen or speak English
- Lack of confidence to use English
- Since English is a phonetic language, but the students can't guess the pronunciation of a word by reading its spelling alone.

**Remedial measures to be taken**

- Enhance the listening skill among learners
- Enhance the listening comprehension among learners
- Engage the learners in various games
- Help the differently abled learners to main stream
- Enhance the learners' communicative skills
- Enhance the learners to express themselves freely.
- Enable the learners to speak in the school assembly in connection with the day celebrations.
- Enable the lord of interact

- Allow the learners to share their reading experience
- Enable the learners to write effectively.
- Enable the learners to prepare manuscript magazines.

## Activity Plan Details

| Sl. No | Aim | Activity | Duration | Responsibility |
|---|---|---|---|---|
| 1 | Formation of English club | Selecting students, inauguration etc. of English club | June | English teacher |
| 2 | Conducts pretest | A pretest is conducted to know the speaking and listening capacity of the students in English. | June | English teacher |
| 3 | Assembly in English | English assembly is conducted to develop the communication skill | Once in a month | English teacher |
| 4 | Meet the foreigner | Gives opportunity to interact with English speaking people | August | English teacher |
| 5 | Learning ladder | Conducting language games and spelling competitions to improve vocabulary and grammar | Once in a month | English teacher |
| 6 | Reader of the month | Recognizing the best reader among the students | Once in a month | English teacher |
| 7 | Fun Time | Conducting tongue twisters, fun games and riddles in English. | | English teacher |
| 8 | Let’s hear a story | Introducing simple English stories | September to November | English teacher |
| 9 | Role play | Give chances to learners to perform a role play | January | English teacher PTA |
| 10 | Let's write together | Introducing advertisement letters notice in classes to develop the writing skill of the learners and exhibit in the English class | February and March | English teacher |
| 11 | Let's write together | Makes a collection of simple stories poems of different classes. (students individual work) | February and March | English teacher |

**ഹൈസ്കൂൾ വിഭാഗം**

പ്രവർത്തനം 1. ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും കഴിയുന്നതിന് | കുട്ടികൾ അസംബ്ലി ഇംഗ്ലീഷിൽ തന്നെ അവതരിപ്പിക്കുന്നു. അധ്യാപകർ സന്ദേശം ഇംഗ്ലീഷിൽ നൽകുന്നു. എല്ലാ ക്ലാസുകൾക്കും അവസരം നൽകുന്നു | ആഴ്ചയിലൊരു ദിവസം | ക്ലാസ് ടീച്ചർ |

പ്രവർത്തനം 2 ഇംഗ്ലീഷ് ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ ഉള്ള ശേഷി നേടുന്നതിന് | ഓരോ ദിവസവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന കാര്യങ്ങൾ ഡയറിയിൽ എഴുതുക | ആഴ്ചയിൽ അഞ്ചു ദിവസം | ഇംഗ്ലീഷ് ടീച്ചർ |

പ്രവർത്തനം 3. ഇംഗ്ലീഷ് ബുള്ളറ്റിൻ (പതിപ്പ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മകരചന നടത്തുന്നതിന് ശേഷി നേടുക | അനുയോജ്യമായ കാലിക പ്രശ്നം തിരഞ്ഞെടുക്കുക ഉദാഹരണം മൺസൂൺ ജനസംഖ്യ സ്വാതന്ത്ര്യം ഓണം തുടങ്ങിയവ വിഷയം അടിസ്ഥാനമാക്കി സ്വതന്ത്രമായി രചനകളിൽ ഏർപ്പെടുക സമാഹരിച്ച് പതിപ്പ് തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കുക | പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ |

പ്രവർത്തനം 4. ഇംഗ്ലീഷിൽ കത്തെഴുത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടാൻ | മറ്റൊരു സ്കൂളിലോ ക്ലാസിലോ പഠിക്കുന്ന കൂട്ടുകാരുമായി സ്കൂളിലെ ഒരു മാസത്തെ പഠനപ്രവർത്തനങ്ങളും വിശേഷങ്ങളും കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒരുതവണ | ഇംഗ്ലീഷ് ടീച്ചർ ക്ലാസ് ടീച്ചർ |

പ്രവർത്തനം 5. ഗ്രാമർ സ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവ് നേടൽ | അവധിദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിക്കുന്നു | പ്രതിവർഷം 10 ക്ലാസുകൾ (മാസത്തിലൊരു ക്ലാസ്) | ഇംഗ്ലീഷ് ടീച്ചർ ക്ലാസ് ടീച്ചർ |

പ്രവർത്തനം 6. പദപ്രശ്നം നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസങ്ങൾ നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് |

പ്രവർത്തനം 7. ഇംഗ്ലീഷ് കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം ഒരുക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരണം ഒരുക്കൽ. പൊതുസ്ഥലത്ത് ഇംഗ്ലീഷ് വാർത്താബോർഡ് സ്ഥാപിക്കൽ. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് |

## ഹിന്ദി ഭാഷാപഠനം

**കുട്ടികൾ പ്രധാനമായും നേരിടുന്ന പ്രശ്നങ്ങൾ**

1. ശബ്ദസമ്പത്തിന്റെ കുറവ് (Vocabulary)

പുതിയ ഹിന്ദി വാക്കുകൾ മനസ്സിലാക്കാനും ഓർക്കാനും ബുദ്ധിമുട്ട് നേരിടുന്നു.

ഇതിന്റെ ഫലമായി വായനയും എഴുത്തിലും മികവില്ലാതെ ആവുന്നു.

2. വ്യാകരണത്തെക്കുറിച്ചുള്ള ആശയക്കുഴപ്പം

സമാസം, വാക്യഭേദം, കാൽ (tense), പ്രയോഗങ്ങൾ എന്നിവ മനസ്സിലാക്കാൻ ബുദ്ധിമുട്ട്.

വാക്യഘടനയിൽ തെറ്റുകൾ വരുത്തുന്നു.

3. ഉച്ചാരണ പ്രശ്നങ്ങൾ

മാതൃഭാഷയുടെ സ്വാധീനം കാരണം ഹിന്ദി പദങ്ങൾ ശരിയായി ഉച്ചരിക്കാൻ കഴിയാതെ വരുന്നു.

ഷ, ശ, സ ,ജ്ഞ,ഗ്യപോലുള്ള അക്ഷരങ്ങൾ തമ്മിൽ തിരിച്ച് മനസ്സിലാക്കാൻ ബുദ്ധിമുട്ട്.

4. ഭാഷാപരമായ പരിമിതിയുള്ള അന്തരീക്ഷം

ഹിന്ദി വീട്ടിൽ സംസാരിക്കുന്നില്ലെങ്കിൽ അല്ലെങ്കിൽ ചുറ്റുപാടിൽ ഉപയോഗിച്ചില്ലെങ്കിൽ ഭാഷാസാമർത്ഥ്യം വളരാൻ അവസരമില്ല.

5. വായനാശീലം കുറവ്

ഹിന്ദി പുസ്തകങ്ങൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയവ വായിക്കാനുള്ള താത്പര്യം കുറവാണ്.

ഇതു ഭാഷാപരമായ സമീപനത്തെ കാര്യമായി ബാധിക്കുന്നു.

◆ **പരിഹാര മാർഗങ്ങൾ**

1. ശബ്ദസമ്പത്ത് മെച്ചപ്പെടുത്താൻ

ദിനംപ്രതി 5 പുതിയ ഹിന്ദി വാക്കുകൾ പഠിക്കാം (അർഥവും ഉപയോഗവും).

Flash cards ഉപയോഗിച്ച് വായിച്ചു അഭ്യസിക്കുക.

2. വ്യാകരണ ബോധം വർധിപ്പിക്കാൻ

വ്യാകരണത്തെ സാധാരണ ജീവിത ഉദാഹരണങ്ങളിലൂടെ പഠിപ്പിക്കുക.

Weekly grammar quizzes സംഘടിപ്പിക്കുക.

3. ഉച്ചാരണം ശരിയാക്കാൻ

ഓഡിയോ ക്ലാസുകൾ കേൾക്കാൻ നിർദ്ദേശിക്കുക.

കവിതകളും കഥകളും ശബ്ദം കൂടെ വായിക്കുവാൻ പ്രോത്സാഹിപ്പിക്കുക.

ഉച്ചാരണം വൃത്തിയാക്കാൻ റോള്പ്ലേ (Role-play) രീതികൾ ഉപയോഗിക്കുക.

ഹിന്ദി സിനിമകളും പാട്ടുകളും കേൾക്കാൻ പ്രോത്സാഹിപ്പിക്കുക.

4. സംസാരത്തിലൂടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ

ഹിന്ദിയിൽ ദിവസേന കുറഞ്ഞത് ഒരു വാചകം സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക.

ജോഡിയായി ചർച്ച ചെയ്യുന്ന പ്രവർത്തനങ്ങൾ (pair discussions) നടത്തുക.

അഭിനയം, ഉപന്യാസം, പ്രസംഗം പോലുള്ള പരിപാടികളിൽ പങ്കെടുപ്പിക്കാൻ പ്രേരിപ്പിക്കുക.

5. വായനയും എഴുത്തും അഭ്യസിക്കാൻ

ഹിന്ദി കുട്ടിക്കഥകളും ലഘുകവിതകളും നൽകുക.

വായിച്ച കഥയെ കുറിച്ച് സംക്ഷിപ്തമായി എഴുതാൻ പഠിപ്പിക്കുക.

സ്കൂൾ ലൈബ്രറിയിൽ ഹിന്ദി കോർണർ ഒരുക്കുക.

6. മാതൃഭാഷയുടെ സഹായം ഉപയോഗിക്കുക

ക്ലാസിൽ മലയാളം വഴി പാഠം വിശദീകരിക്കുക, പക്ഷേ slowly ഹിന്ദിയിലേക്ക് മാറ്റം വരുത്തുക.

പ്രധാന ആശയങ്ങൾ മലയാളത്തിൽ ബോധ്യപ്പെടുത്തി, പിന്നീട് ഹിന്ദിയിൽ എഴുതൽ പരിശീലിപ്പിക്കുക.

## പ്രവർത്തനപദ്ധതി- വിശദാംശങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല |
|---|---|---|---|---|
| 1 | ഹിന്ദി ഭാഷയിൽ കുട്ടികൾക്കുള്ള അടിസ്ഥാനശേഷികൾ കണ്ടെത്തൽ | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | ഹിന്ദി അധ്യാപകർ |
| 2 | സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. | ജൂൺ രണ്ടാം വാരം | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ |
| 3 | CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ | CWSN, SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | വാർഷികം | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ |

| | | | | |
|---|---|---|---|---|
| 3 | | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം, എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | ഹിന്ദി അധ്യാപകർ |
| 4 | | CWSN, SLOW LEARNERSകുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകർ |
| 5 | | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകർ |
| 6 | | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | ഹിന്ദി അധ്യാപകർ |
| 7 | | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | ഹിന്ദി അധ്യാപകർ |
| 8 | | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | ഹിന്ദി അധ്യാപകർ |
| 9 | | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ |
| 10 | | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | ഹിന്ദി അധ്യാപകർ , ക്ലാസ് അധ്യാപകർ, മറ്റു അധ്യാപകർ |

# സാമൂഹികശാസ്ത്രപഠനം

**പ്രശ്നങ്ങൾ**

- സാമൂഹികശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കുന്നതിനും നേടി എടുക്കുന്നതിനും ബുദ്ധിമുട്ട്
- ഗ്ലോബ് വിശകലനം, ഭൂപടവായന, സ്ഥാനനിർണ്ണയം, വിവിധതരം കാറ്റുകൾ അവയുടെ സവിശേഷതകൾ തുടങ്ങിയവ ആശയക്കുഴപ്പം ഉണ്ടാക്കുന്നു.
- സാമൂഹികശാസ്ത്രത്തിന്റെ പ്രാദേശികസാധ്യതകൾ ഫലപ്രദമായി എത്തിക്കുവാൻ പ്രയാസം അനുഭവപ്പെടുന്നു.
- ജനാധിപത്യ ഭരണസംവിധാനവുമായി ബന്ധപ്പെട്ട ആശയങ്ങൾ ഫലപ്രദമായി കുട്ടികളിൽ എത്തിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നു
- 8, 9, 10 ക്ലാസ്സുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങളിലെ ആശയങ്ങൾ ലളിതമായി കുട്ടികളിൽ എത്തിക്കാൻ പ്രയാസം നേരിടുന്നു.
- ഭൂമിശാസ്ത്രത്തിൽ പ്രാദേശികവ്യത്യാസങ്ങൾ, അക്ഷാംശം, രേഖാംശം, സ്ഥാനനിർണയം എന്നിവ കുട്ടികൾക്ക് മനസ്സിലാക്കാൻ പ്രയാസം നേരിടുന്നു.
- പ്രാദേശികചരിത്രം മനസ്സിലാക്കാനും പ്രയാസം നേരിടുന്നു.
- ജനാധിപത്യപ്രക്രിയയിലെ ആശയങ്ങളും ഭരണഘടനയിലെ ആക്ടുകളും പ്രവർത്തനങ്ങളും മനസ്സിലാക്കാൻ പ്രയാസം നേരിടുന്നു.
- പത്രവായനയുടെ കുറവ് പൊതുവിജ്ഞാനത്തിന്റെ കുറവ് കുട്ടികളിൽ ഉണ്ടാക്കിയിട്ടുണ്ട്.

**പ്രശ്നവിശകലനം**

- വ്യത്യസ്തനിലവാരം പുലർത്തുന്നവരായതിനാൽ വ്യക്തിഗതമായ ശ്രദ്ധ കൊടുക്കുവാൻ കഴിയില്ല.
- നൽകുന്ന പ്രവർത്തനങ്ങൾ കൃത്യതയോടെ ചെയ്തു കൊണ്ടുവരുന്നതിന് കുടുംബത്തിൽ സൗകര്യങ്ങൾകുറവ്. പത്രവായനയ്ക്കു വേണ്ട സാഹചര്യം ഇല്ലായ്മ.

**പരിഹാരം**

- വീഡിയോ പ്രദർശനങ്ങൾ
- ചിത്ര ശേഖരണം
- വാർത്തകൾ
- പത്രവായനയും ക്വിസ്സും (പൊതുവിജ്ഞാനം)
- മുന്നറിവിന്റെ അപര്യാപ്തത കണ്ടെത്തി നികത്തൽ
- ചരിത്രസ്മാരകങ്ങൾ സന്ദർശിക്കൽ
- ദിനാചരണങ്ങൾ ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തൽ
- രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസ് നൽകൽ

## പ്രവർത്തനപദ്ധതി വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | സാമൂഹ്യശാസ്ത്രപരമായ അടിസ്ഥാന അറിവുകൾ പരിശോധിക്കുന്നതിനുള്ള കളികൾ, ചോദ്യോത്തരപ്പയറ്റ് മുതലായവ നടത്തുന്നു. | അക്കാദമിക വർഷം |
| 2 | അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി വൈവിധ്യങ്ങൾ, കാലാവസ്ഥാവൈവിധ്യം, സംസ്ഥാനങ്ങൾ ഇവയെ അടിസ്ഥാനമാക്കി ഐ സി ടി ഉപയോഗിച്ചും കാർഡുകൾ നിർമ്മിച്ചും മെമ്മറി ടെസ്റ്റ് നടത്തുന്നു. | |
| 3 | കുട്ടികളോട് രക്ഷാകർത്താക്കളോടൊന്നിച്ച് ഗ്രാമസഭ/ വാർഡ്സഭ സന്ദർശിച്ച് പ്രവർത്തനങ്ങൾ മനസ്സിലാക്കി രേഖപ്പെടുത്തി അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. | |
| 4 | പ്രദേശത്തെ ചരിത്രസ്മാരകങ്ങൾ സന്ദർശിക്കുകയും പ്രാദേശിക ചരിത്രരചനയ്ക്ക് വേണ്ട തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യുന്നു. | |

## ഹൈസ്കൂൾ തലം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | അറിവ് പരിശോധന | മുന്നറിവ് പരിശോധനഃ ചെറിയ ചോദ്യങ്ങൾ ചോദിച്ചു മുന്നറിവ് പരിശോധിക്കുന്നു. അപര്യാപ്തതകൾ കണ്ടെത്തി ആവശ്യമായ പരിഹാരബോധനം നിശ്ചയിക്കുന്നു. അതിന് അനുസരിച്ചുള്ള ക്ലാസുകൾ സജ്ജീകരിക്കുന്നു | 2 ആഴ്ച | സബ്ജക്ട് കൗൺസിൽ |
| 2 | ഭൂമിശാസ്ത്രത്തിൽ അക്ഷാംശ രേഖാംശങ്ങൾ വ്യത്യസ്തപ്രദേശങ്ങളിലെ കാലാവസ്ഥാവ്യത്യാസങ്ങൾ സ്ഥാനനിർണയം ഇവ നടത്തുന്നതിന് സമയവ്യത്യാസം പഠിക്കുന്നതിന് | ഗ്ലോബ് ഭൂപടവായനഃ ഗ്ലോബ് സൺക്ലോക്ക് വീഡിയോകൾ എന്നിവ ഉപയോഗപ്പെടുത്തി ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ക്ലാസ്സിൽ വിശദമാക്കുക ഗ്ലോബും സൺ ക്ലോക്കും സ്വയം ചെയ്തു ഈ ആശയങ്ങൾ | 2 മാസം | സോഷ്യൽ സയൻസ് ടീച്ചർ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| | | നേടിയെടുക്കുന്നതിന് അവസരം നൽകുന്നു | | |
| 3 | ചരിത്രസംഭവങ്ങൾ പുരാതന സ്മാരകങ്ങൾ സ്വാതന്ത്ര്യസമരസേനാനികൾ എന്നിങ്ങനെയുള്ള വിശാലമായ അറിവ് നേടിയെടുക്കൽ | പത്രവായന (പൊതുവിജ്ഞാനം): പത്രങ്ങൾ ശേഖരിച്ച് പൊതു വിജ്ഞാനത്തിന്റെ ചോദ്യാവലികൾ തയ്യാറാക്കി ഓരോ ആഴ്ചയിലും പൊതുവിജ്ഞാന പ്രശ്നോത്തരികൾ സംഘടിപ്പിക്കുന്നു ഇന്റർനെറ്റ് ഉപയോഗപ്പെടുത്തി കറണ്ട് അഫയേഴ്സ് ചോദ്യങ്ങൾ ശേഖരിച്ച് പൊതുവിജ്ഞാന ചോദ്യശേഖരം വർദ്ധിപ്പിക്കുന്നു | 8 മാസം | സോഷ്യൽ സയൻസ് ടീച്ചർ |
| 4 | ഭരണഘടനാ മൂല്യങ്ങൾ മനസ്സിലാക്കൽ | ഭരണഘടനയെ അടുത്തറിയുക ആക്ടുകൾ ലിസ്റ്റ് എന്നിവ പരിചയപ്പെടുത്തുക. വീഡിയോ ലൈബ്രറി ടെക്സ്റ്റ് ബുക്ക് എന്നിവ ഉപയോഗപ്പെടുത്തി ഭരണഘടനാ സംബന്ധമായ വിവരങ്ങൾ കണ്ടെത്താനും ചർച്ചകൾ സംഘടിപ്പിച്ച വിശകലനം ചെയ്യാനും അവസരം നൽകുന്നു | 2 മാസം | സോഷ്യൽ സയൻസ് ടീച്ചർ |

# ഗണിതപഠനം

**ഗണിതപഠനത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ**

- ⇨ ചതുഷ്ക്രിയകൾ ഉറച്ചിട്ടില്ല അതിനാൽ ഇവയുടെ അടിസ്ഥാനത്തിൽ പുതിയ ആശയങ്ങൾ അവതരിപ്പിക്കുമ്പോൾ അവ ഗ്രഹിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു.
- ⇨ വ്യത്യസ്ത ബൗദ്ധികനിലവാരം ഉള്ള കുട്ടികൾ ക്ലാസിൽ ഉണ്ടാകുന്നത് മൂലം മാസ് ലേണിംഗിന് സാധ്യമല്ല.
- ⇨ ക്ലാസിൽ പഠിപ്പിക്കാൻ സമയപരിധി ഉള്ളതിനാൽ ആവർത്തിച്ച് അഭ്യാസം നടത്താൻ അവസരം കുറവാണ്. കണക്കിന്റെ നിർദ്ദേശങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നു.

**പരിഹാരനിർദ്ദേശങ്ങൾ**

- ❋ പ്രക്രിയാധിഷ്ഠിതമായ പഠനരീതി ഉറപ്പാക്കുക
- ❋ ഓഡിയോ വിഷ്വൽ പഠനോപകരണങ്ങൾ ഉപയോഗിക്കൽ
- ❋ ഓരോ കുട്ടിയുടെയും നിലവാരവും താൽപര്യങ്ങളും മനസ്സിലാക്കി ക്ലാസ്സ് ക്രമീകരിക്കുക.
- ❋ ഗണിത കളികൾ, ഗണിതപസിലുകൾ, ഗണിതപ്രശ്നങ്ങൾ യഥാർത്ഥ ജീവിത്രിസരത്തിൽ അവതരിപ്പിക്കൽ തുടങ്ങിയവ ഉപയോഗിച്ച് ഗണിതപഠനം രസകരമാക്കി മാറ്റുക.
- ❋ ടീച്ചറുടെ ശരിയായ ഇടപെടലോടെ കുട്ടികൾക്ക് കണക്കിനോടുള്ള ഭയം മാറ്റി താല്പര്യം ഉണ്ടാക്കുക.

## പ്രവർത്തനപദ്ധതി വിശദാംശങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | വിദ്യാർഥികളിൽ ഗണിതാഭിരുചി വളർത്തുന്നതിന് | ഗണിത ക്ലബ്ബ് 2025 -26 | ജൂൺമാസം | ഗണിത ടീച്ചർ |
| 2 | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്തെ പാർക്ക് സജ്ജമാക്കൽ | ഗണിതപാർക്ക് | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിതക്ലബ്ബ്, പി ടി എ |
| 3 | ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തി ജാമിതീയരൂപങ്ങൾ ചതുഷ്ക്രിയകൾ എന്നിവ കുട്ടികളിൽ ഉറപ്പിക്കുന്നു | ഐടി@മാത്തമാറ്റിക്സ് | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത ടീച്ചർ |
| 4 | ഗണിത അധ്യാപകരും പഠനത്തിൽ മുന്നിൽനിൽക്കുന്ന കുട്ടികളും ചേർന്ന് ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി | ഗണിതക്ലിനിക്ക് | ആഴ്ചതോറും ഒരു പീരിയഡ് | ഗണിതടീച്ചർ മിടുക്കരായ കുട്ടികൾ |

| | | | | |
|---|---|---|---|---|
| | അവരുടെ പോരായ്മകൾ തിരിച്ചറിഞ്ഞ് ആവശ്യമായ അടിസ്ഥാനഗണിത ശേഷികൾ ഉറപ്പിക്കുന്നതിന് പരിശീലനം നൽകുന്നു | | | |
| 5 | ഗണിതാഭിരുചി വളർത്തുന്നതിന് അനുയോജ്യമായ പ്രവർത്തനം | ഗണിതലാബ് സജ്ജമാക്കൽ | സെപ്തംബർ | ഗണിതടീച്ചർ മിടുക്കരായ കുട്ടികൾ |
| 6 | സ്കൂളിൽ ഗണിതമേള സംഘടിപ്പിക്കുക. യൂണിറ്റ് തലം സബ്ജില്ലാ മേളകൾക്ക് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും | ഗണിതമേള സംഘടിപ്പിക്കൽ | ഒക്ടോബർ | ഗണിതടീച്ചർ മിടുക്കരായ കുട്ടികൾ |

**ഗണിതം ഹൈസ്കൂൾ വിഭാഗം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിതാശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് |
| അടിസ്ഥാന ഗണിതധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം: പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ ഗണിത ക്ലിനിക് ആവിഷ്കരിക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നാക്കം നിൽക്കുന്ന കുട്ടികൾ |
| നിർമ്മിതികൾക്കുള്ള ശേഷി കൈവരിക്കൽ | ജ്യാമിതീയ ബോക്സ് ലഭ്യമാക്കൽ ശില്പശാലകൾ | തുടർപ്രവർത്തനം | അധ്യാപകർ |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ടേമിൽ ഒന്ന് | അദ്ധ്യാപകർ പിടിഎ |
| ഗണിതപഠനത്തിലൂടെ സംഘബോധം ഉണ്ടാക്കൽ | സംഘപഠനം തുടർപ്രവർത്തനം | വാർഷികം | അധ്യാപകർ സംഘത്തലവൻ |

| | | | |
|---|---|---|---|
| അധ്യാപകർ കാലാനുസൃതമായി ചെറിയ ക്ലാസ് മുതൽ ഉള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനശേഷി ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നീ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം തുടർപ്രവർത്തനം | വിഷയസമിതി കൺവീനർ, മുതിർന്ന അധ്യാപകർ |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ചഭാവനകൾ | ഗണിത ഗ്രാമം: കുട്ടികളും സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ. ശനിയാഴ്ചകളിലും മറ്റ് അവധിദിവസങ്ങളിലും | മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ |
| മത്സര വേദിയിലേക്ക് : മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ഗണിതക്ലബ്ബ് സെക്രട്ടറി അധ്യാപകർ പിടിഎ |
| ഗണിത ലാബ് | ശിൽപ്ശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ്-ജൂൺ | ഗണിത ക്ലബ്ബ് സെക്രട്ടറി അധ്യാപകർ പിടിഎ |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി. ടി. എ നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, എച്ച് എം, പി ടി എ പ്രസിഡൻറ് |

# ശാസ്ത്രപഠനം

**പ്രശ്നങ്ങൾ**

അപ്പർപ്രൈമറി തലം

- ആശയധാരണയുടെ അഭാവം: ആശയങ്ങൾ മനസ്സിലാക്കുന്നതിനുപകരം വിദ്യാർഥികൾ പലപ്പോഴും വസ്തുതകൾ മനഃപാഠമാക്കുന്നു.
- ശാസ്ത്ര പ്രതിഭാസത്തിന് പിന്നിലെ 'എന്തുകൊണ്ട്' അല്ലെങ്കിൽ 'എങ്ങനെ' എന്ന് അവർക്ക് മനസ്സിലാകണമെന്നില്ല.
- ചിലപ്പോൾ വളരെയധികം വിഷയങ്ങൾ വളരെ വേഗത്തിൽ അവതരിപ്പിക്കപ്പെടുന്നതിനാൽ ആശയങ്ങൾ ആർജിക്കാൻ അവർക്ക് കഴിയുന്നില്ല.
- സാങ്കേതിക പദങ്ങൾ മനസ്സിലാക്കാൻ പ്രയാസം, പ്രത്യേകിച്ച് ലളിതമായ ദൈനംദിന ഭാഷയിലോ വിദ്യാർഥികളുടെ മാതൃഭാഷയിലോ വിശദീകരിച്ചിട്ടില്ലെങ്കിൽ.
- ദൈനംദിന ജീവിതത്തിൽ ശാസ്ത്രം എങ്ങനെ പ്രയോഗിക്കുന്നുവെന്ന് വിദ്യാർഥികൾക്ക് മനസ്സിലാകുന്നില്ല,
- ഗ്രൂപ്പ് വർക്ക് മോഡലുകൾ അല്ലെങ്കിൽ റോൾ പ്ലേ പോലുള്ള സംവേദനാത്മക പ്രവർത്തനങ്ങളെക്കാൾ പ്രഭാഷണാധിഷ്ഠിത രീതികളുടെ അമിത ഉപയോഗം

**ഹൈസ്കൂൾതലം**

- 8 9 10 ക്ലാസുകളിലെ കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും ധാരണകളും മൂല്യങ്ങളും മനോഭാവങ്ങളും നേടുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.
- സമയക്കുറവുമൂലം ഐസിടി അധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായി പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നില്ല.
- ശാസ്ത്രീയമനോഭാവം കുട്ടികളിൽ വളർത്താൻ കഴിയുന്നില്ല.
- എല്ലാ കുട്ടികൾക്കും ശാസ്ത്രപഠനത്തിന് ഉതകുന്ന രീതിയിലുള്ള ക്ലാസ് മുറികളുടെ അഭാവം
- പ്രാദേശിക ശാസ്ത്രപ്രതിഭകളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

**പ്രശ്നവിശകലനം**

- അടിസ്ഥാനാശയങ്ങളിൽ ധാരണ കുറവ്.
- ശാസ്ത്രപഠനം ബുദ്ധിമുട്ടാണ് എന്ന മുൻവിധി
- പഠനാനുഭവങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.
- മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ
- പാഠ്യേതര പ്രവർത്തനങ്ങൾ ഗൃഹപാഠം എന്നിവ ചെയ്യുന്നതിൽ വീടുകളിൽ സാഹചര്യങ്ങളും സൗകര്യങ്ങളും കുറവ്.
- വ്യക്തിഗത ശ്രദ്ധയ്ക്കുള്ള സമയം കുറവ്

- നിരന്തര മൂല്യനിർണയം പ്രായോഗികമാക്കുന്നതിൽ വൈഷമ്യം.
- ശാസ്ത്രവിഷയങ്ങൾ മൂന്നും ഹൈസ്കൂൾ തലത്തിൽ ഒരു ടീച്ചർ കൈകാര്യം ചെയ്യേണ്ടിവരുന്നു.
- ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത.
- രക്ഷിതാക്കളുടെ വിദ്യാഭ്യാസ കുറവ്, കുട്ടികളുടെ കഴിവ് ശാരീരിക മാനസിക പ്രശ്നങ്ങൾ ഇവ വേണ്ട രീതിയിൽ തിരിച്ചറിയാൻ കഴിയുന്നില്ല.
- രക്ഷിതാക്കൾക്ക് അധ്യാപകരും ആയുള്ള ബന്ധം ശക്തമല്ല.

**നിർദ്ദേശങ്ങൾ**

⇨ താഴ്ന്ന ക്ലാസുകളിൽ അടിസ്ഥാന ആശയങ്ങൾ ആവശ്യം വരുമ്പോൾ നൽകാൻ അവസരം ഉണ്ടാക്കുക.

⇨ പ്രവർത്തനാധിഷ്ഠിത ശാസ്ത്രപഠനം ഉറപ്പാക്കുക

⇨ ആശയങ്ങൾ ചെറിയ ഘടകങ്ങളാക്കി നൽകുക.

⇨ ദൃശ്യശ്രാവ്യ പഠനോപകരണങ്ങൾ ,ചാർട്ടുകൾ ആനിമേഷനുകൾ വീഡിയോകൾ എന്നിവ ശാസ്ത്രക്ലാസുകളിൽ പരമാവധി ഉപയോഗിക്കുക.

⇨ ക്ലാസിൽ ശാസ്ത്രപഠനം ജീവിതഗന്ധിയാക്കുക

⇨ സഹപഠന പ്രോത്സാഹിപ്പിക്കുക

⇨ പഠനാനുഭവം നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ ഫീൽഡ് ട്രിപ്പ്

⇨ ക്ലാസ് മുറികളിൽ സംഘപഠനം സാധ്യമാക്കുക

⇨ സി പി ടി എ, എം പി ടി എ ഇവ ശക്തമാക്കുക

⇨ കൗൺസലിംഗ് മെഡിക്കൽ ചെക്കപ്പ് എന്നിവ നിശ്ചിത ഇടവേളകളിൽ നടത്തുക

⇨ സ്കൂൾ ശാസ്ത്ര ക്ലബ് ഊർജ്ജിതമാക്കുക

⇨ എല്ലാ ക്ലാസ് മുറികളിലും ശാസ്ത്രപഠനത്തിന് ഉതകുന്ന രീതിയിൽ സൗകര്യങ്ങൾ ക്രമീകരിക്കുക

## പ്രവർത്തനപദ്ധതി വിശദാംശങ്ങൾ

**അപ്പർപ്രൈമറി തലം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | പ്രീ-ടെസ്റ്റ്<br>കുട്ടിളിൽ അടിസ്ഥാന ശാസ്ത്രാശയങ്ങളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന് | പ്രവർത്തനം ചോദ്യാവലി തയ്യാറാക്കി ടെസ്റ്റ് നടത്തുന്നു. മൂല്യനിർണയം നടത്തുന്നു. | ജൂൺ | സയൻസ് ടീച്ചർ |
| 2 | ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ | ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം ഇവയുടെ നടീൽ പരിപാലനം | ജൂലൈ, ആഗസ്റ്റ് | സയൻസ് ടീച്ചർ, സയൻസ് |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| | നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | | ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് |
| 3 | കണ്ടറിയാൻ ഒരു യാത്ര | കാവുകൾ കണ്ടൽകാട് പുഴ മുതലായവ സന്ദർശിക്കൽ | അക്കാദമിക വർഷം | സയൻസ് ടീച്ചർ, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് |
| 4 | പരീക്ഷണക്കളരി | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉൾപ്പെടുത്തി ലഘുപരീക്ഷണങ്ങൾ നടത്തുന്നു പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സയൻസ് ടീച്ചർ, സയൻസ് ക്ലബ്ബ് |
| 5 | ശാസ്ത്രവിനിമയ ചുമർ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ശാസ്ത്രവിനിമയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് ടീച്ചർ, സയൻസ് ക്ലബ്ബ് |
| 6 | ശാസ്ത്രപഠനത്തിൽ താൽപര്യം ഉണ്ടാക്കുക | വിദഗ്ധരെ കണ്ടെത്തി ബന്ധപ്പെട്ട വിഷയത്തിൽ ക്ലാസ് സംഘടിപ്പിക്കുന്നു. | ആഗസ്റ്റ്, ഒക്ടോബർ | സയൻസ് ടീച്ചർ സയൻസ് ക്ലബ്ബ് |
| 7 | ശാസ്ത്രലാബിലേക്ക് വേണ്ട പഠനോപകരണങ്ങളുടെ ശേഖരണം | ക്ലാസിൽ ഉണ്ടാകേണ്ട പഠനോപകരണങ്ങളുടെ പട്ടിക തയ്യാറാക്കൽ ശാസ്ത്രപുസ്തകങ്ങൾ സമാഹരിക്കൽ | നവംബർ ഡിസംബർ | സയൻസ് ടീച്ചർ |
| 8 | കുട്ടികളുടെ ശാരീരിക-മാനസികപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | ബോധവൽക്കരണ ക്ലാസ്സ് | ജനുവരി മാർച്ച് | സയൻസ് ടീച്ചർ സയൻസ് ക്ലബ് ഹെൽത്ത് ക്ലബ് പിടിഎ |

**ഹൈസ്കൂൾതലം**

പ്രവർത്തനം : 1. അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കൽ

ഉപമേഖല : പരിഹാരബോധനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കുട്ടികൾക്ക് താഴ്ന്ന ക്ലാസുകളിലെ അടിസ്ഥാനാശയങ്ങളുടെ ധാരണ ഉറപ്പാക്കുന്നതിന് | താഴ്ന്ന ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു, പ്രവർത്തന വിനിമയം | മെയ് അവസാന ആഴ്ച ജൂൺ 5 മുതൽ 30 വരെ | സയൻസ് അധ്യാപകർ |
| 2 | | മൂല്യനിർണയം ഫലം അവലോകനം. എസ് ആർ ജി, ക്ലാസ് പിടിഎ ഇവയിൽ അവതരണം | ജൂലൈ 4<br>ജൂലൈ 7<br>ജൂലൈ 21 | സയൻസ് ടീച്ചർ |

പ്രവർത്തനം : 2 ശാസ്ത്രക്ലബ്ബ്
ഉപമേഖല : ശാസ്ത്രാഭിരുചി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | കുട്ടികൾക്ക് ശാസ്ത്രപഠനത്തിൽ താല്പര്യം ഉണ്ടാക്കുക | പ്രവർത്തനങ്ങൾക്കുള്ള വാർഷിക തയ്യാറാക്കൽ | മെയ് മാസം | സബ്ജക്ട് കൗൺസിൽ സയൻസ് ടീച്ചർ |
| 2 | ഗവേഷണാത്മക പ്രവർത്തനങ്ങളിൽ താൽപര്യം ഉണ്ടാക്കുക | പ്രവർത്തനങ്ങൾ കണ്ടെത്തൽ പട്ടികപ്പെടുത്തൽ | ജൂൺ ആദ്യവാരം | |
| 3 | | പ്രവർത്തനങ്ങൾക്കുള്ള സമയം കണ്ടെത്തൽ | ജൂൺ മൂന്നാമത്തെ വാരം | |
| 4 | | വിദഗ്ധരെ കണ്ടെത്തൽ | ജൂലൈ ആദ്യവാരം | |
| 5 | | വിദഗ്ധരുടെ ക്ലാസ്സ് സംഘടിപ്പിക്കൽ | വാർഷിക കലണ്ടർ പ്രകാരം | |
| 6 | | ക്ലബ്ബ് അംഗങ്ങളുടെ പഠനയാത്ര | | |
| 7 | | ക്ലബ്ബ് പ്രവർത്തനങ്ങളുടെ അവലോകനം | | |

പ്രവർത്തനം : 3 ശാസ്ത്രലൈബ്രറി
ഉപമേഖല : ശാസ്ത്രാഭിരുചി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ലൈബ്രറിയിലേക്ക് വേണ്ട ശാസ്ത്രപുസ്തകങ്ങളുടെ ശേഖരണം | പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കൽ | മെയ് | സബ്ജക്ട് കൗൺസിൽ |
| 2 | പഠനോപകരണങ്ങളുടെ ശേഖരണം | ക്ലാസിൽ ഉണ്ടാകേണ്ട പഠനോപകരണങ്ങളുടെ പട്ടിക തയ്യാറാക്കുക | വാർഷിക കലണ്ടറനുസരിച്ച് | സയൻസ് ടീച്ചർ |
| 3 | കുട്ടികളിൽ ശാസ്ത്രാഭിരുചി ശാസ്ത്രീയമനോഭാവം എന്നിവ വളർത്തുന്നതിന് | ശാസ്ത്രക്ലബ്ബിലെ അംഗങ്ങളെ സംഘടിപ്പിച്ച് പുസ്തകങ്ങൾ സമാഹരിക്കൽ | | |
| 4 | | പഠനോപകരണങ്ങൾ സംഘടിപ്പിക്കുക | | |

പ്രവർത്തനം : 4. ദിനാചരണങ്ങൾ
ഉപമേഖല : ശാസ്ത്രാഭിരുചി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ദിനാചരണങ്ങൾ | സ്കൂളുകളിൽ ആചരിക്കേണ്ട പ്രധാനദിനങ്ങൾ പട്ടികപ്പെടുത്തൽ | മെയ് | സബ്ജക്ട് കൗൺസിൽ സയൻസ് ടീച്ചർ |
| 2 | | ഓരോ ദിനത്തിനുള്ള പ്രാധാന്യമനുസരിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | വാർഷിക കലണ്ടറനുസരിച്ച് | |
| 3 | | റിപ്പോർട്ട് തയ്യാറാക്കൽ അവതരിപ്പിക്കൽ | യഥാസമയം | |

പ്രവർത്തനം : 5. ഗൃഹസന്ദർശനം
ഉപമേഖല : വിദ്യാർഥികളെ അറിയുന്നതിന്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | കുട്ടികളുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | ഗൃഹസന്ദർശനം | ജൂൺ ജൂലൈ ആഗസ്റ്റ് | പി ടി എ, ക്ലാസ് ടീച്ചർ |
| 2 | | കൗൺസലിംഗ് | ആവശ്യമായ സന്ദർഭങ്ങളിൽ | സ്റ്റുഡൻസ് കൗൺസിലർ |
| 3 | | മെഡിക്കൽ ചെക്കപ്പ് | ഓരോ ടേമിലും | ആരോഗ്യപ്രവർത്തകർ |
| 4 | | ബോധവൽക്കരണ ക്ലാസ് | ഓരോ ടേമിലും | സയൻസ് ടീച്ചർ പിടിഎ |
| 5 | | അർഹരായവർക്ക് പ്രഭാതഭക്ഷണം ഉച്ചഭക്ഷണം എന്നിവ ഉറപ്പാക്കൽ | വർഷം മുഴുവനും | പി ടി എ, സ്റ്റാഫ് |

# ആരോഗ്യകായികവിദ്യാഭ്യാസം

കുട്ടികളുടെ ആരോഗ്യം, പോഷണം, സാമൂഹികവും വൈകാരികവും ബൗദ്ധികവുമായ വികാസം പ്രതിപക്ഷബഹുമാനം, സഹകരണം, സ്വന്തമായി വളരെ പെട്ടെന്നുതന്നെ ഉറച്ച തീരുമാനങ്ങളെടുക്കാനുള്ള പ്രാപ്തി നേടൽ തുടങ്ങിയവ ആരോഗ്യകായിക വിദ്യാഭ്യാസത്തിലേക്കുള്ള പ്രാഥമികമായ ചുവടുവയ്പ്പാണ്. കുട്ടികളെ ആരോഗ്യവും സന്തുലിതമായ മാനസികാവസ്ഥയും ഉള്ളവരായി വളർത്തുക എന്നതാണ് ആരോഗ്യകായികവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിനനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതാണ് അക്കാദമിക മാസ്റ്റർപ്ലാൻ

**പ്രശ്നങ്ങൾ**

- ⇨ സ്കൂളിൽ ആരോഗ്യകായിക വിദ്യാഭ്യാസം നൽകുന്നതിനു അധ്യാപകനില്ല.
- ⇨ സ്കൂളിൽ കുട്ടികൾക്ക് കായികപരിശീലനത്തിനോ വിനോദത്തിനോ യോജിച്ച മൈതാനമില്ല.
- ⇨ ആരോഗ്യകരമായ കായികക്ഷമതയെക്കുറിച്ച് അവബോധമില്ലാത്ത കുട്ടികൾ
- ⇨ കായികക്ഷമത ഇല്ലാത്ത കുട്ടികളുടെ എണ്ണം അധികമാണ്.
- ⇨ ശരിയായ നടത്തം ഓട്ടം വ്യായാമം എന്നിവയെക്കുറിച്ച് ധാരണയില്ല.
- ⇨ സമീകൃതാഹാരത്തെക്കുറിച്ച് ശരിയായ അറിവില്ല
- ⇨ പ്രഥമശുശ്രൂഷ വ്യക്തി ശുചിത്വം എന്നിവയുടെ പ്രാധാന്യം അറിയില്ല

**പരിഹാരനിർദേശങ്ങൾ**

- അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകി കായികക്ഷമതയെക്കുറിച്ച് അവബോധം കുട്ടികളിൽ ഉണ്ടാക്കുക
- കായികക്ഷമത വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക
- നടത്തം ഓട്ടം വ്യായാമം എന്നിവ ശാസ്ത്രീയമായ രീതിയിൽ അഭ്യസിപ്പിക്കുക
- ആരോഗ്യസംരക്ഷണത്തിന് ആവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക

## പ്രവർത്തനപദ്ധതി- വിശദാംശങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | കായികക്ഷമത നിർണ്ണയിക്കൽ | മുഴുവൻ കുട്ടികളുടെയും പ്രായം, ഉയരം, ഭാരം എന്നിവ രേഖപ്പെടുത്തുക | ജൂൺ | ക്ലാസ് ടീച്ചർ ശാസ്ത്രാധ്യാപകർ |
| 2 | കുട്ടികളുടെ കായികക്ഷമത നിലനിർത്താൻ | മാസ് ഡ്രിൽ ക്ലാപ്പിംഗ് എക്സർസൈസ്സ് | അക്കാദമിക വർഷം | ക്ലാസ് അധ്യാപകർ |
| 3 | ശാരീരികവും മാനസികവുമായ വിനോദത്തിന് അനുയോജ്യമായ സൂമ്പ നൃത്തം പരിശീലിപ്പിക്കുക | ശാരിരികക്ഷമത തീരെ കുറഞ്ഞ കുട്ടികളെ പ്രത്യേകമായും അല്ലാത്തവരെ വരിയിലും തുല്യ അകലത്തിൽ നിർത്തി | അക്കദമിക വർഷം | ക്ലാസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | തിരഞ്ഞെടുത്ത കുട്ടികൾ മുഖേന സൂമ്പ നൃത്തം പരിശീലിപ്പിക്കുന്നു | | |
| 4 | നടത്തം, ഓട്ടം, വ്യായാമം എന്നിവ ശാസ്ത്രീയമായ രീതിയിൽ പരിശീലിക്കുക | ശാസ്ത്രീയമായ രീതിയിൽ നടത്തം, ഓട്ടം, വ്യായാമം എന്നിവ ചെയ്യേണ്ടത് എങ്ങനെയെന്ന് മാതൃക കാണിച്ച് വിശദീകരിക്കുന്നു | ജൂൺ ജൂലൈ | ക്ലാസ് അധ്യാപകർ |
| 5 | സമീകൃതാഹാരത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക | സയൻസ് ടീച്ചരുടെ പങ്കാളിത്തത്തോടെ സമീകൃതാഹാരം എന്ന ആശയം, ആരോഗ്യപരിപാലനത്തിൽ ഇതിനുള്ള പ്രാധാന്യം, ചിട്ടയായ ആഹാരശീലങ്ങൾ എന്നിവ ഐ സി ടി സഹായത്തോടെ കുട്ടികൾക്ക് വിശദീകരിക്കുന്നു. ഭക്ഷണത്തിൽ ഇവ ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു. കുട്ടികൾ കഴിക്കുന്ന ഭക്ഷണം വിലയിരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ |

## പ്രവൃത്ത്യധിഷ്ഠിത വിദ്യാഭ്യാസം

കുട്ടികളുടെ ശാരീരിക വൈകാരിക വൈജ്ഞാനിക മേഖലകളുടെ സംയോജനവും വികാസവും സാധ്യമാക്കുന്നതിന് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഷയമാണ് പ്രവർത്ത്യധിഷ്ഠിതവിദ്യാഭ്യാസം പ്രവർത്ത്യധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ മാനവശേഷി വികസനം മാത്രമല്ല, അസംസ്കൃതവസ്തുക്കൾ ഉപകരണങ്ങൾ മുതലായവ കൈകാര്യം ചെയ്യുന്നതിലുള്ള കഴിവ് നേടുക, മെച്ചപ്പെട്ട തൊഴിൽ സംസ്കാരം രൂപപ്പെടുത്തുക, മാനസികോല്ലാസം ആർജിക്കുക തുടങ്ങിയവയും ലക്ഷ്യം വയ്ക്കുന്നുണ്ട്. ഇത് കുട്ടികളിൽ പല മൂല്യങ്ങളും വളർത്തുന്നു തൊഴിലിനോടും തൊഴിലാളികളോടും ആഭിമുഖ്യം ഉണ്ടാക്കുന്നു. സാമൂഹിക ബന്ധം മെച്ചപ്പെടുത്തുകയും സഹകരണമനോഭാവം വളർത്തി വ്യക്തിത്വവികാസം സാധ്യമാക്കുകയും ചെയ്യുന്നു. നേടിയ അറിവിന്റെ പ്രായോഗികാനുഭവങ്ങൾ മെച്ചപ്പെട്ട സംസ്കാരം രൂപപ്പെടുത്തുകയും ചെയ്യും.

### പ്രവർത്തനപദ്ധതി വിശദാംശങ്ങൾ

1. ലഘുപാനീയങ്ങൾ നിർമ്മിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| സ്വന്തമായി ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള കഴിവ് നേടുന്നതിന് | വിവിധതരം സ്ക്വാഷുകൾ, ശീതളപാനീയങ്ങൾ ചെലവ് കുറച്ച് ആരോഗ്യകരമായ രീതിയിൽ നിർമ്മിക്കുന്നതിനുള്ള പരിശീലനവും അറിവും നൽകുന്നു. | ആദ്യ ടേം | വർക്ക് എഡ്യൂക്കേഷൻ കൈകാര്യംചെയ്യുന്ന ടീച്ചർ |

2. വീട്ടുപകരണങ്ങൾ നിർമ്മിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|

| | | | |
|---|---|---|---|
| ശുചീകരണത്തിന് ആവശ്യമായ ഉപകരണങ്ങൾ സ്വന്തമായി നിർമ്മിക്കുന്നതിന് | ചെലവുകുറഞ്ഞ വസ്തുക്കൾ, പഴകിയ തുണികൾ എന്നിവ ഉപയോഗിച്ച് പൊടിതട്ടി, മോപ്പ് എന്നിവ നിർമ്മിക്കുന്നു. പഴയ ദിനപത്രങ്ങൾ ഉപയോഗിച്ച വേസ്റ്റ് ബാസ്കറ്റ് ഉണ്ടാക്കുന്നു. | ടേം രണ്ട് | വർക്ക് എഡ്യൂക്കേഷൻ കൈകാര്യം ചെയ്യുന്ന ടീച്ചർ |

3. ക്യാരിബാഗ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പരിസ്ഥിതി മലിനീകരണം ഒഴിവാക്കാൻ സഹായിക്കുന്ന ക്യാരിബാഗ് പാഴ്‌വസ്തുക്കളിൽ നിന്ന് നിർമ്മിക്കുന്നതിനും ഉപയോഗിക്കുന്നതിനും | വിവിധതരം കടലാസുകൾ പഴയപത്രം പഴയ തുണികൾ എന്നിവയിൽനിന്ന് സഞ്ചികൾ, ക്യാരിബാഗ് എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനം | നാലുമാസം | വർക്ക് എഡ്യൂക്കേഷൻ കൈകാര്യം ചെയ്യുന്ന ടീച്ചർ |

4. ചിത്രത്തുന്നൽ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| വസ്ത്രങ്ങൾക്ക് എംബ്രോയ്ഡറിവർക്ക് മിറർവർക്ക് സീക്വൻസ് വർക്ക് എന്നിവ ചെയ്തു മോഡി കൂട്ടുന്നതിന് | ആവശ്യമുള്ള വസ്ത്രങ്ങൾക്ക് എംബ്രോയ്ഡറി ചെയ്യുന്നത് എങ്ങനെയെന്ന് വിശദീകരിക്കുകയും ക്ലാസിൽ അവ പരിശീലിപ്പിക്കുകയും ചെയ്യുന്നു | അക്കാദമികവർഷം | വർക്ക് എഡ്യൂക്കേഷൻ കൈകാര്യം ചെയ്യുന്ന ടീച്ചർ |

5. കൗതുക വസ്തുക്കൾ നിർമ്മിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് കൗതുകവസ്തുക്കൾ നിർമ്മിക്കുക | തേങ്ങയുടെ തൊണ്ട് ചിരട്ട മുതലായവ ഉപയോഗിച്ച് കൗതുകവസ്തുക്കൾ നിർമ്മിക്കൽ | ഒരു ടേം | വർക്ക് എഡ്യൂക്കേഷൻ കൈകാര്യം ചെയ്യുന്ന ടീച്ചർ |

6. വസ്ത്രഡിസൈനിങ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| വസ്ത്രങ്ങൾ ഡിസൈൻ ചെയ്യുന്നതിന് | വിവിധതരം പച്ചക്കറികൾ, ഇലകൾ പൂക്കൾ എന്നിവ ഉപയോഗിച്ച് ഡിസൈനുകൾ പൂർത്തിയാക്കി വസ്ത്രങ്ങൾ മോടികൂട്ടാൻ പരിശീലിപ്പിക്കുന്നു. ഫാബ്രിക് പെയിൻറ് ഉപയോഗപ്പെടുത്തി സാരി, ബെഡ്ഷീറ്റ്, പില്ലോ കവർ എന്നിവയിൽ ഡിസൈനിങ് ചെയ്യേണ്ടതെങ്ങനെ എന്ന് വിശദീകരിക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നു | രണ്ടാം ടേം | വർക്ക് എഡ്യൂക്കേഷ ൻ കൈകാര്യം ചെയ്യുന്ന ടീച്ചർ |

ജൈവകീടനാശിനി നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ജൈവപച്ചക്കറി കൃഷിപരിപാലനം ജൈവകീടനാശിനി നിർമ്മാണം കമ്പോസ്റ്റ് പിറ്റ് നിർമ്മാണം | കുട്ടികൾ കൃഷി ചെയ്യാനുള്ള കഴിവ് മാതൃകകൾ പറഞ്ഞു കൊടുക്കുന്നു സ്കൂളിൽ ജൈവകീടനാശിനി നിർമ്മിക്കാനുള്ള പരിശീലനം നൽകുന്നു. | അക്കാദമികവർഷം | എഡ്യൂക്കേഷൻ കൈകാര്യം ചെയ്യുന്ന ടീച്ചർ |

# കലാവിദ്യാഭ്യാസം

വൈജ്ഞാനികവികാസത്തിന് വിവിധതലങ്ങളെ ആഴത്തിൽ സ്വാധീനിക്കുന്നതും പാരമ്പര്യത്തിൽ വേരുറച്ചതുമായ കലകൾ വ്യക്തിത്വരൂപീകരണത്തിൽ നിർണായക പങ്കുവഹിക്കുന്നുണ്ട്. ഓരോ കുട്ടിയുടെയും കഴിവുകളും സാധ്യതകളും തിരിച്ചറിഞ്ഞ് അവരുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ പഠനപ്രക്രിയ രൂപപ്പെടുത്തുമ്പോൾ ആണ് പഠനം ശിശുകേന്ദ്രീകൃതമാക്കുന്നത്. കാഴ്ചയിലൂടെയും ശബ്ദത്തിലൂടെയും ചലനത്തിലൂടെയും പെരുമാറ്റത്തിലൂടെയുമുള്ള ഉദാത്തീകൃതമായ പ്രതികരണങ്ങളാണ് കലകളായി രൂപപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ കലകളിൽ ഏർപ്പെടാനും ആസ്വദിക്കാനുമുള്ള കഴിവ് വികസിക്കേണ്ടത് ജീവിതവിജയത്തിന് അനിവാര്യമാണ്.

**കലാവിദ്യാഭ്യാസത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ**

- വിദ്യാലയങ്ങളിൽ കലാപഠനത്തിന് അധ്യാപകനില്ല.
- കലാപഠനം മേളകൾക്കുള്ള തയ്യാറെടുപ്പുകളും വിജയത്തിന് ലഭിക്കുന്ന അംഗീകാരവും എന്ന രീതിയിലേക്ക് ചുരുങ്ങിയിരിക്കുന്നു
- പ്രകടനങ്ങൾക്കാണ് പലപ്പോഴും മുൻതൂക്കം ലഭിക്കുന്നത്
- ഇതര വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്താനോ പ്രോത്സാഹിപ്പിക്കാനോ കഴിയുന്നില്ല
- പാഠ്യ വിഷയങ്ങളും കലയും ഒരുമിച്ച് ചേർത്ത് ഉദ്ഗ്രഥിത രീതി പിന്തുടരാനും അധ്യാപകർ പ്രാപ്തരാക്കുന്നില്ല.
- സർഗവേളകൾ വിദ്യാലയങ്ങളിൽ ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നില്ല

**കലാവിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും**

- പഠിതാവിന്റെ നൈസർഗികമായ കലാവാസനകളെ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക
- വിവിധ കലകൾ ആസ്വദിക്കുന്നതിനും അതിന്റെ സൗന്ദര്യം ഉൾക്കൊള്ളുന്നതിനും പ്രാപ്തരാക്കുക
- സാംസ്കാരിക വൈവിധ്യം തിരിച്ചറിയുക
- കലയെ ഉപയോഗപ്പെടുത്തി മറ്റു വിഷയങ്ങളുടെ പഠനം ഫലപ്രദം ആക്കുക
- ഭിന്നനിലവാരക്കാരായ കുട്ടികളെ ഒരുപോലെ പഠനപ്രവർത്തനങ്ങളിൽ തൽപരരായ ആക്കുന്നതിന്
- കുട്ടികളുടെ ആസ്വാദന നിലവാരം ഉയർത്തുന്നതിന്
- വിവിധ കലകളിൽ പ്രത്യേക അഭിരുചിയുള്ള കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുക
- കലാകാരന്മാരെ അറിയുകയും അവരുടെ സംഭാവനകൾ തിരിച്ചറിഞ്ഞ് ബഹുമാനിക്കുകയും ചെയ്യുക
- വിവിധ കലകളോട് ആഭിമുഖ്യം വളർത്തുക

# പ്രവർത്തനപദ്ധതി വിശദാംശങ്ങൾ

1. കലാകാരന്മാരെ കണ്ടെത്താം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പഠിതാവിന്റെ നൈസർഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക | കുട്ടികൾക്ക് അവരുടെ കലാവാസനകൾ അവതരിപ്പിക്കാൻ അവസരം പ്രകടനത്തിൽ സാമാന്യ നിലവാരം പുലർത്തുന്നവർക്ക് കൂടുതൽ പരിശീലനം നൽകാൻ ടാലൻറ് ലാബ് സംവിധാനം ഉപയോഗപ്പെടുത്തൽ | അക്കാദമിക വർഷം | കലാവിദ്യാഭ്യാസം കൈകാര്യം ചെയ്യുന്ന അധ്യാപകർ |

2. കലകൾ ആസ്വദിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| വിവിധ കലകൾ ആസ്വദിക്കുന്നതിനും കലയിലെ സൗന്ദര്യാത്മകത ഉൾക്കൊള്ളുന്നതിനും | പാഠങ്ങളുമായി ബന്ധപ്പെട്ടും അല്ലാതെയും വിവിധ കലാരൂപങ്ങൾ കാണാൻ കുട്ടികൾക്ക് അവസരം നൽകുന്നു അവയുടെ ചരിത്രം പരിചയപ്പെടുത്തുന്നു ആസ്വാദനം തയ്യാറാക്കുന്നു | വർഷം മുഴുവൻ | ഭാഷാ, കല, സാമൂഹ്യശാസ്ത്രം എന്നിവ കൈകാര്യം ചെയ്യുന്ന അധ്യാപകർ |

3. ഷോർട്ട് ഫിലിം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കലകളുടെ ആസ്വാദ്യത ഉൾക്കൊണ്ട സാമൂഹികജീവിതത്തിൽ മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന് | കലാകാരന്മാരുടെ ജീവിത പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന ലഘു ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. പൊതു ചർച്ചക്ക് വിധേയമാക്കുന്നു. മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യം വിശദീകരിക്കുന്നു. പ്രദേശത്തുള്ള കലാകാരന്മാരെ സന്ദർശിക്കുന്നു ആദരിക്കുന്നു. | അക്കാദമിക വർഷം | ഭാഷാ, സാമൂഹികശാസ്ത്ര അധ്യാപകർ |

4. കേരളത്തിന്റെ നാടൻകലകൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കേരളത്തിന്റെ സാംസ്കാരിക വൈവിധ്യം തിരിച്ചറിയുക | കേരളത്തിന്റെ നാടൻകലകൾ പരിചയപ്പെടുത്തുന്നു ചിലത് നേരിട്ട് കാണാൻ അവസരമൊരുക്കുന്നു | വാർഷികപദ്ധതി | ഭാഷാ, സാമൂഹികശാസ്ത്ര അധ്യാപകർ |

5. എല്ലാവർക്കും ചെയ്യാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഭിന്നനിലവാരക്കാരായ കുട്ടികൾക്ക് ഒരുപോലെ പഠന പ്രവർത്തനങ്ങളിൽ താൽപര്യം ഉണ്ടാക്കുന്നതിന് | എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി കലാപ്രകടനങ്ങളായി പാഠങ്ങൾ അവതരിപ്പിക്കുന്നു പാഠങ്ങൾ കലാരൂപങ്ങൾ ആക്കുന്നതിനുള്ള സ്ക്രിപ്റ്റ് തയ്യാറാക്കുന്നു പ്രവർത്തനങ്ങളിൽ എല്ലാവരും ഉൾപ്പെട്ടു എന്ന് ഉറപ്പാക്കുന്നു | വാർഷികപദ്ധതി | അധ്യാപകർ പിടിഎ |

6. അഭിമുഖം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|

| | | | |
|---|---|---|---|
| കലാകാരന്മാരെ അറിയുകയും അവരുടെ സംഭാവനകൾ തിരിച്ചറിഞ്ഞ് ആദരിക്കുകയും ചെയ്യുക | പ്രദേശത്തുള്ള കലാകാരന്മാരെ നേരിൽ കാണുകയും അവരുമായി ആശയവിനിമയം നടത്തുകയും ചെയ്യുന്നതിന് അവസരമൊരുക്കുന്നു | ഒരു ടേമിൽ ഒന്ന് | ക്ലാസ് അധ്യാപകർ |

# പ്രവർത്തനകലണ്ടർ

## മലയാളം

| ക്രമ നമ്പർ | മാസം | പ്രവർത്തനം |
|---|---|---|
| | ജൂൺ | അടിസ്ഥാനശേഷി ഉറപ്പിക്കൽ |
| | | വായനപക്ഷം ആഘോഷപരിപാടികൾ |
| | | വിദ്യാരംഗം സ്കൂൾതല സമിതി രൂപീകരണം |
| | ജൂലൈ | അടിസ്ഥാനശേഷി ഉറപ്പിക്കൽ |
| | | പുസ്തകചർച്ച |
| | | ബഷീർ അനുസ്മരണം |
| | | ക്ലാസ് ലൈബ്രറി ശാക്തീകരണം |
| | | സാഹിത്യ പ്രശ്നോത്തരി |
| | | വാർത്ത വായന |
| | | വിദ്യാരംഗം പ്രവർത്തനം കവിത |
| | | സർഗവേള |
| | | ചുമർ പത്രം |
| | ആഗസ്റ്റ് | ക്ലാസ്സ് ലൈബ്രറി ശാക്തീകരണം |
| | | ദിനാചരണം |
| | | പുസ്തകചർച്ച |
| | | വിദ്യാരംഗം പ്രവർത്തനം - കഥ |
| | | ചുമർപത്രം |
| | | പ്രശ്നോത്തരി |
| | സെപ്റ്റംബർ | ഫിലിം ഫെസ്റ്റ് |
| | | വായനക്കൂട്ടം |
| | | ക്ലാസ്‌ലൈബ്രറി ശാക്തീകരണം |
| | | പുസ്തകചർച്ച |
| | | വിദ്യാരംഗം സർഗോത്സവം |
| | | സർഗവേള |
| | | വാർത്ത വായന |
| | | ദിനാചരണം |
| | ഒക്ടോബർ | ഫീൽഡ് ട്രിപ്പ് |
| | | ദിനാചരണം |
| | | വാർത്ത വായന |
| | | സർഗവേള |

| | | |
|---|---|---|
| | | ചുമർ പത്രം |
| | | കൈയെഴുത്തുമാസിക |
| | | പുസ്തകചർച്ച |
| | നവംബർ | ദിനാചരണം -കേരളപ്പിറവി |
| | | സർഗ്ഗവേള |
| | | സാഹിത്യ പ്രശ്നോത്തരി |
| | | വാർത്ത വായന |
| | ഡിസംബർ | നല്ല വായന |
| | | പുസ്തകചർച്ച |
| | | പ്രശ്നോത്തരി |
| | ജനുവരി | പുസ്തകചർച്ച |
| | | വിഷ്വൽ ടാവലോഗ് |
| | | കഥാ ശിൽപശാല |
| | | സർഗവേള |
| | ഫെബ്രുവരി | ക്ലാസ് മാസിക |
| | | പതിപ്പ് നിർമ്മാണം |
| | | ശിൽപശാല |

# English

| Sl.No | Month | Activity |
|---|---|---|
| 1. | May | Framing questions for pre- test |
| 2. | June | Conducts pre- test (listening and speaking ability of the students in English)<br>Assembly in English |
| 3. | July | Encourages classroom activities and communication in English<br>Assembly in English |
| 4. | August | Introduce Riddles and Puzzles<br>Collection of Riddles and Puzzles'<br>Conduct games for Riddles and Puzzles in English Club activities<br>Assembly in English |
| 5. | September | Loud reading (books)<br>Assembly in English |
| 6. | October | Introduce different types of Letters<br>Familiarize personal letters, official letters, leave letters etc.<br>Assembly in English |

| | | |
|---|---|---|
| 7. | November | Notices<br>Introduce Different notices<br>Find out notices from newspapers<br>Prepares some notices.<br>Listen and illustrate a story<br>Assembly in English |
| 8. | December | Competitions based on discourses<br>(club activity)<br>Assembly in English |
| 9. | January | Introduce simple English stories<br>Introduce simple Illustrated stories.<br>Introduce simple poems<br>Enable chances to hear part of a story and creates suspense to make the learners read the rest of the story. (ICT enabled)<br>Introduce books in assembly and present it before learners to create interest to make them read it.<br>Practices simple descriptions based on the book they read.<br>Give chances to learners to perform a role play/ recitation/ story telling in assembly.<br>Assembly in English |
| 10. | February | Prepare small stories poems etc. and give chances to perform in class room, English club activity.<br>Makes a collection of simple stories, poems of different classes, (students individual work)<br>Assembly in English |

# ഹിന്ദി

| ക്രമ നമ്പർ | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജൂൺ | പ്രീ ടെസ്റ്റ് |
| 2. | | ഹിന്ദി തിരിച്ചറിയൽ കാർഡ് വിതരണം |
| 3. | | ദിനാചരണം |
| 4. | | ഹിന്ദി അസംബ്ലി |
| 5. | | ഹിന്ദി ലൈബ്രറി |
| 1. | ജൂലൈ | ഹിന്ദി ക്ലബ്ബ് രൂപീകരണം |
| 2. | | ദിനാചരണം |
| 3. | | പരിഹാര ബോധനം |

| | | |
|---|---|---|
| 4. | | ഹിന്ദി അസംബ്ലി |
| 5. | | ഹിന്ദി ലൈബ്രറി |
| 1. | ആഗസ്റ്റ് | ഹിന്ദി ലൈബ്രറി |
| 2. | | ദിനാചരണം |
| 3. | | ഹിന്ദി ബാലസഭ |
| 4. | | ഹിന്ദി അസംബ്ലി |
| 1. | സെപ്തംബർ | ഹിന്ദി വാരാഘോഷം |
| 2. | | ഹിന്ദി അസംബ്ലി |
| 3. | | ഹിന്ദി ലൈബ്രറി |
| 4. | | ഹിന്ദി ബാലസഭ |
| 5. | | കൈയെഴുത്തുമാസിക നിർമാണം |
| 1. | ഒക്ടോബർ | ഹിന്ദി അസംബ്ലി |
| 2. | | ഹിന്ദി ക്ലബ് |
| 3. | | ഹിന്ദി ബാലസഭ |
| 1. | നവംബർ | ഹിന്ദി രചനാ മത്സരം |
| 2. | | ഹിന്ദി ലൈബ്രറി |
| 3. | | ഹിന്ദി അസംബ്ലി |
| 4. | | പരിഹാരബോധനം |
| 1. | ഡിസംബർ | ഹിന്ദി അസംബ്ലി |
| 2. | | ദിനാചരണം |
| 3. | | പരിഹാരബോധനം |
| 4. | | ഹിന്ദി ലൈബ്രറി |
| 1. | ജനുവരി | ഹിന്ദി അസംബ്ലി |
| 2. | | ദിനാചരണം |
| 3. | | പരിഹാരബോധനം |
| 1. | ഫെബ്രുവരി | ഹിന്ദി അസംബ്ലി |
| 2. | | ദിനാചരണം |
| 3. | | പരിഹാരബോധനം |
| 4. | | ഹിന്ദി ബാലസഭ |

## സാമൂഹികശാസ്ത്രം

| തീയതി | ദിനാചരണം/ പരിപാടി | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ | ലോക പരിസ്ഥിതി ദിനം | * പോസ്റ്റർ നിർമ്മാണം<br>* പ്രത്യേക അസംബ്ലി<br>* പ്രസംഗം<br>* ചെടി നടൽ |
| | ലോക ലഹരിവിരുദ്ധദിനം | * പ്രതിജ്ഞ<br>* പോസ്റ്റർ രചന |
| ജൂലൈ | ലോക ജനസംഖ്യ ദിനം | * ഉപന്യാസമത്സരം<br>* ക്വിസ് മത്സരം |
| | ചാന്ദ്രദിനം | * പോസ്റ്റർരചന<br>* ക്വിസ്മത്സരം<br>* വീഡിയോ പ്രദർശനം |
| ആഗസ്റ്റ് | ഹിരോഷിമ ദിനം | * പോസ്റ്റർരചന<br>* കൊളാഷ്<br>* യുദ്ധവിരുദ്ധ പ്ലക്കാർഡ് നിർമ്മാണം |
| | നാഗസാക്കി ദിനം | * പോസ്റ്റർ രചന<br>* ക്വിസ്മത്സരം |
| | ക്വിറ്റിന്ത്യാ ദിനം | * ചർച്ച - വിഷയം ക്വിറ്റിന്ത്യാ സമരവും ഗാന്ധിജിയും |
| | സ്വാതന്ത്ര്യ ദിനം | * ദേശഭക്തിഗാന മത്സരം<br>* ക്വിസ് മത്സരം<br>* ഉപന്യാസം |
| സെപ്തംബർ | ദേശീയ അധ്യാപകദിനം | * കുട്ടികളെക്കൊണ്ട് ക്ലാസ്സ് എടുക്കൽ<br>* അധ്യാപകരെ ആദരിക്കൽ |
| | ദേശീയ ഹിന്ദി ദിനം | * സ്പെഷ്യൽ അസംബ്ലി പ്രസംഗം |
| | ഓസോൺദിനം | * ചർച്ച - ഓസോണിന്റെ പ്രാധാന്യം |
| ഒക്ടോബർ | ഗാന്ധിജയന്തി | * ക്വിസ് മത്സരം<br>* ഉപന്യാസം<br>* പുസ്തകപ്രദർശനം |
| നവംബർ | കേരളപിറവിദിനം | * കേരളത്തെക്കുറിച്ചുള്ള കവിത<br>* പ്രസംഗം<br>* ക്വിസ്മത്സരം |
| ഡിസംബർ | ദേശീയ ഭിന്നശേഷിദിനം | * ഭിന്നശേഷി കുട്ടികളുടെ കലാപരിപാടികൾ<br>* വീട് സന്ദർശനം |

| | | |
|---|---|---|
| | അന്താരാഷ്ട്ര മണ്ണ് ദിനം | * ചർച്ച:- മണ്ണും മനുഷ്യനും |
| | മനുഷ്യാവകാശദിനം | * സംവാദം :- മനുഷ്യാവകാശങ്ങളും ആധുനികസമൂഹവും |
| ജനുവരി | റിപ്പബ്ലിക് ദിനം | * ചർച്ച :- ഭരണഘടനയുടെ പ്രാധാന്യം<br>* ക്വിസ്മത്സരം |

# ഗണിതം

| ക്രമ നമ്പർ | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജൂൺ | പ്രീ ടെസ്റ്റ് |
| 2. | | വിദ്യാലയാന്തരീക്ഷം ഗണിതമയമാക്കൽ |
| 3. | | ഗണിതകേളികൾ |
| 4. | | ഗണിതപസിലുകൾ |
| 5. | | ഗണിതക്ലബ് വിപുലീകരണം |
| 1. | ജൂലൈ | സങ്കലന വ്യവകലന ക്രിയകൾ ഉറപ്പിക്കുന്ന പ്രവർത്തനം |
| 2. | | പോസ്റ്റ് ടെസ്റ്റ് |
| 1. | അഗസ്റ്റ് | നിർമിതി, ജ്യാമിതി, ജ്യാമിതീയ പാറ്റേണുകൾ എന്നിവ ഉറപ്പിക്കുന്നു |
| 2. | | ജിയോജിബ്രയിലൂടെ ജ്യാമിതി നിർമിതി രസകരമാക്കുന്നു |
| 1. | സെപ്തംബർ | ജ്യോമെട്രിക്കൽ പാറ്റേണുകളുടെ നിർമ്മാണം പ്രദർശനം |
| 1. | ഒക്ടോബർ | ഗണിതമേളകൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ |
| 2. | | പ്രോജക്ട് |
| 1. | നവംബർ | ഗണിതാഭിരുചി വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ |
| 1. | ഡിസംബർ | ഗുണനം ഹരണം എന്നിവയിൽ ശേഷി ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം |
| 2. | | പോസ്റ്റ് ടെസ്റ്റ് |
| 1. | ജനുവരി | ഗണിത പ്രോജക്ടുകൾ |
| 2. | | ഗണിത ശിൽപശാലകൾ |
| 3. | | വിദഗ്ദ്ധരുടെ ക്ലാസുകൾ |
| 1. | ഫെബ്രുവരി | സംഖ്യാരേഖയുമായി ബന്ധപ്പെട്ട ആശയങ്ങൾ, പ്രവർത്തനങ്ങൾ |
| 2. | | ഗണിതശിൽപശാലകൾ |
| 3. | | ഗണിതകേളികൾ |

# ശാസ്ത്രപഠനം

| ക്രമ നമ്പർ | മാസം | പ്രവർത്തനം |
| --- | --- | --- |
| 1 | മെയ് | ക്ലബ്ബ് പ്രവർത്തനങ്ങൾക്കുള്ള വാർഷിക കലണ്ടർ തയ്യാറാക്കൽ |
| 2 | | താഴ്ന്ന ക്ലാസിലെ അടിസ്ഥാന ആശയങ്ങൾ ക്കുള്ള പട്ടിക തയ്യാറാക്കൽ ശാസ്ത്ര പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കൽ |
| 1 | ജൂൺ | ശാസ്ത്രക്ലബ്ബ് |
| 2 | | ദിനാചരണങ്ങൾ, പരിഹാരബോധനം |
| 3 | | പഠനോപകരണങ്ങളുടെ പട്ടിക തയ്യാറാക്കൽ |
| 4 | | ഗൃഹസന്ദർശനം |
| 1 | ജൂലൈ | ശാസ്ത്ര വിഷയത്തിൽ വിദഗ്ധരെ കണ്ടെത്തൽ |
| 2 | | പഠനോപകരണങ്ങൾ സമാഹരിക്കൽ |
| 3 | | ദിനാചരണങ്ങൾ, ശാസ്ത്രവിദഗ്ധരുടെ ക്ലാസ് |
| 4 | | ഗൃഹസന്ദർശനം |
| 1 | ആഗസ്റ്റ് | ശാസ്ത്രപുസ്തകങ്ങൾ സമാഹരിക്കൽ |
| 2 | | ദിനാചരണങ്ങൾ/ഗൃഹസന്ദർശനം |
| 3 | | മെഡിക്കൽ ചെക്കപ്പ് |
| 1 | സെപ്റ്റംബർ | ദിനാചരണങ്ങൾ |
| 1 | ഒക്ടോബർ | ക്ലബ് അംഗങ്ങളുടെ പഠനയാത്ര |
| 2 | | ദിനാചരണങ്ങൾ |
| 1 | നവംബർ | ദിനാചരണം |
| 2 | | ഫീൽഡ് ട്രിപ്പ് |
| 3 | | മെഡിക്കൽ ചെക്കപ്പ് |
| 1 | ഡിസംബർ | ദിനാചരണം |
| 1 | ജനുവരി | ഗൃഹസന്ദർശനം |
| 2 | | ദിനാചരണങ്ങൾ |
| 1 | ഫെബ്രുവരി | ക്ലബ്ബ്പ്രവർത്തനങ്ങളുടെ അവലോകനം |
| 2 | | ദിനാചരണം |
| 3 | | മെഡിക്കൽ ചെക്കപ്പ് |
| 1 | മാർച്ച് | ദിനാചരണം പ്രവർത്തന അവലോകനം |
| 2 | | പഠനോത്സവം |
| 3 | | വാർഷിക വിലയിരുത്തൽ |

## പ്രതീക്ഷിതനേട്ടങ്ങൾ

പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങളും ശേഷികളും മൂല്യങ്ങളും മനോഭാവങ്ങളും വിദ്യാർഥികളിൽ രൂപപ്പെടുത്തി, അവരെ രാജ്യത്തിനും കുടുംബത്തിനും മികച്ച മാതൃകകളായി വാർത്തെടുക്കാൻ ഈ പ്രവർത്തന സഞ്ജയം സഹായകമാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവഹിച്ചു കഴിയുമ്പോൾ വിദ്യാർഥികളിൽ നിന്നും പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

- ⇨ കുട്ടികൾക്ക് ഏറ്റവും ഇഷ്ടപ്പെടുന്ന ഇടമായി വിദ്യാലയം മാറുന്നു.
- ⇨ പഠനം കുട്ടികൾക്ക് ഏറ്റവും ആസ്വാദ്യകരമായ ഒന്നായിത്തീരുന്നു.
- ⇨ ഓരോ കുട്ടിയും തന്റെ കഴിവിന്റെ പരമാവധിയിലേക്ക് എത്തിച്ചേരുന്നു.
- ⇨ വിദ്യാലയത്തിലേക്ക് കൂടുതൽ കുട്ടികൾ എത്തുന്നു.
- ⇨ മതനിരപേക്ഷമായ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- ⇨ മാനവികമൂല്യങ്ങൾ ഉള്ള ഒരു തലമുറ രൂപപ്പെടുന്നു.
- ⇨ സ്വയംപര്യാപ്തമായ യുവതലമുറയെ സൃഷ്ടിക്കാൻ കഴിയുന്നു.
- ⇨ അധ്യാപകരും രക്ഷാകർത്താക്കളും വിദ്യാഭ്യാസപ്രക്രിയയിൽ തുല്യപങ്കാളികളാകുന്നു.
- ⇨ വിദ്യാലയം. സാമൂഹിക പരിഷ്കരണത്തിൽ സജീവസാന്നിധ്യമാകുന്നു.

## അവലോകനം/ മോണിട്ടറിങ്

ഏതൊരു പ്രവൃത്തിയും പൂർണമാകുന്നത് അതിന്റെ ഫലപ്രാപ്തി ഉറപ്പാക്കപ്പെടുമ്പോൾ ആണ്. വിദ്യാഭ്യാസത്തിൽ മൂല്യനിർണയത്തിന് വലിയ സ്ഥാനം കിട്ടുന്നത് അതുകൊണ്ടാണ്. വിദ്യാർഥിയും അധ്യാപകനും പഠനബോധനതന്ത്രങ്ങളും പ്രവർത്തനങ്ങളും പ്രക്രിയകളും എല്ലാം കൃത്യമായും നിരന്തരമായും വിലയിരുത്തപ്പെടേണ്ടതാണ്. സ്വയം വിലയിരുത്തലും അധ്യാപകരുടെ വിലയിരുത്തലും പ്രഥമാധ്യാപകന്റെ മോണിട്ടറിങ്ങും ഉന്നതവിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ വിലയിരുത്തലും മേൽനോട്ടവും ഒത്തുചേരുമ്പോൾ ഈ പൂർണ്ണത നേടാൻ കഴിയുന്നു. ഓരോ വിദ്യാർഥിയും സമൂഹത്തിന് അഭിമതനായിത്തീരുന്നു.

### ഉപസംഹാരം

സാധാരണക്കാരന്റെ ജീവിതം ദുഷ്കരമാക്കുന്ന സാമ്പത്തിക-സാമൂഹികസംവിധാനങ്ങൾ നിലനിൽക്കുന്ന ഈ കാലത്ത് ഇത്തരം ആപത്തുകൾക്കെതിരെ പ്രതികരിക്കാനും ശക്തവും സമഗ്രവും ശാസ്ത്രീയവുമായ കർമ്മ പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള ശ്രമമാണ് ഓരോ വിദ്യാലയത്തിലും ഉണ്ടാകുന്നത്. മാതൃകാപരവും മതേതരവും മഹത്തായതുമായ ഈ പ്രവർത്തനത്തിൽ കുട്ടികളെയും സമൂഹത്തെയും സജീവമായി പങ്കെടുപ്പിച്ചുകൊണ്ട് കുട്ടികളെ മികച്ച മാതൃകകളാക്കി രൂപപ്പെടുത്തിയെടുക്കാൻ ഈ അക്കാദമിക് വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു, വിശ്വസിക്കുന്നു.